# നന്മ

കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

• വാല്യം 1 • ലക്കം 2
ജൂലൈ–സെപ്റ്റംബർ 2016




A Church of God Kerala State Sunday School Department Publication

For Private Circulation only

# ജന്മദിനാശംസകൾ...

HAPPY BIRTHDAY



Johana James



Aksa, Ashvin, Abhiya



Gracen V. Shaji



Gloria Mariam Samuel

നിങ്ങളുടെ കുരുന്നുകളുടെ ചിത്രങ്ങൾ അടുത്ത ലക്കം ഈ പേജിൽ ഉൾപ്പെടുത്താവുന്നതാണ്.




# നന്മ

കുട്ടികളുടെ ക്രിസ്തീയ ത്രൈമാസിക

• വാല്യം 1 • ലക്കം 2
• ജൂലൈ-സെപ്റ്റംബർ 2016


## മഴക്കാലം വരവായ്

കൂട്ടുകാരെല്ലാം പുതിയ ക്ലാസ്സുകളിലേക്ക് മഴ നനഞ്ഞ് യാത്ര തുടങ്ങിയിരിക്കുകയാണല്ലോ. നിങ്ങൾ വളർന്ന് വലുതായിക്കഴിയുമ്പോൾ കുഞ്ഞുനാളിൽ മഴ നനഞ്ഞ് സ്കൂളിൽ പോയത് മധുരമുള്ള ഓർമ്മയായിരിക്കും. ഇപ്പോൾ അത് നമുക്ക് അത്ര ഇഷ്ടമല്ലെങ്കിൽ പോലും.

ജൂൺ 5ന് ലോക പരിസ്ഥിതിദിനമായിരുന്നല്ലോ. കൂട്ടുകാർ ഒരു വൃക്ഷമെങ്കിലും നട്ടുവളർത്തുന്നുണ്ട് എന്നു വിശ്വസിക്കുന്നു.

ജൂലൈ 29 ലോക മഴദിനമാണ്. മഴയും വൃക്ഷവും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. വൃക്ഷ നശീകരണം വ്യാപകമായതോടെ മഴയും കാലം തെറ്റാൻ തുടങ്ങി.

മഴക്കാലത്തെ ജലമാണ് നമുക്ക് വേനൽക്കാലത്ത് ഉപയുക്തമാകുന്നത്. അതിനാൽ കരുതലോടെ മഴവെള്ളം നാം സംരക്ഷിക്കേണ്ടിയിരിക്കുന്നു. എന്നാൽ നാമിപ്പോൾ വഴികളിലും വീട്ടുമുറ്റത്തും എല്ലാം ടൈലുകൾ പാകി മഴവെള്ളത്തെ നാടുകടത്തുകയാണ്. ഭൂമിയിലേക്ക് വെള്ളം ഇറങ്ങാത്തതു നിമിത്തം ഭൂഗർഭജലസംഭരണി കാലിയായിക്കൊണ്ടിരിക്കുകയാണ്.

നമുക്ക് മഴവെള്ളത്തെ തടഞ്ഞു നിർത്താൻ വൃക്ഷങ്ങൾ നടാം. അവ സംരക്ഷിക്കാം, മഴക്കുഴികൾ ഉണ്ടാക്കാം, ജലം നഷ്ടപ്പെടുത്താതിരിക്കാം. ദൈവം മനുഷ്യനെ ഏദെൻ തോട്ടത്തിൽ താമസിപ്പിച്ചത് തോട്ടത്തെ കാപ്പാനും അതിൽ ജോലി ചെയ്യാനുമാണ് (ഉല്പത്തി 2:15). അതിനാൽ പ്രകൃതിസംരക്ഷണം നമ്മുടെ ഉത്തരവാദിത്വമാണ് എന്ന് മനസ്സിലാക്കി നമുക്ക് ജീവിക്കാം.

സ്നേഹത്തോടെ


**പാസ്റ്റർ സാലു വർഗീസ്**

*സണ്ടേസ്കൂൾ സ്റ്റേറ്റ് കോഓർഡിനേറ്റർ*

saluedathua@gmail.com



*വിലാസം:*

നന്മ, സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ്, മൗണ്ട് സിയോൻ, മുളക്കുഴ 689 505

# വായിച്ചു വളരുക



**വാ**യനയുടെ പ്രാധാന്യത്തെക്കുറിച്ച് കൂട്ടുകാർ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? വായനയെക്കുറിച്ച് ചില രസകരമായ കണക്കുകൾ ഉണ്ട്. അതൊന്നു കേട്ടോളൂ..


ഒരു സാധാരണ വായനക്കാരന് ഒരു മിനിറ്റിൽ 300 വാക്കുകൾ വായിക്കാനാകും അങ്ങനെയെങ്കിൽ 15 മിനിറ്റ് സമയം കൊണ്ട് 4,500 വാക്കുകൾ വായിച്ചു തീർക്കാം. 15 മിനിറ്റ് വച്ച് എല്ലാ ദിവസവും വായിച്ചാൽ ഓരോ ആഴ്ച്ചയിൽ 31,500 വാക്കുകൾ വായിക്കാം. അങ്ങനെ ഒരു മാസം വായിച്ചാൽ, 1,26,000 വാക്കുകൾ വായിക്കാം. ഒരു വർഷത്തിൽ 15,12,000 വാക്കുകളായി മാറും. ഒരു ദിവസം 15 മിനിറ്റ് വായനയ്ക്കു വേണ്ടി മാറ്റിവച്ചാൽ ഒരു വർഷത്തിൽ സംഭവിക്കുന്ന കാര്യമാണിത്. എന്തൊരത്ഭുതം അല്ലേ!

സാധാരണ ഗതിയിൽ, ഒരു നല്ല പുസ്തകം ഏകദേശം 60,000 വാക്കുകൾ തൊട്ട് 1,00,000 വാക്കുകൾ ഉൾക്കൊള്ളുന്നു. ശരാശരി വാക്കുകൾ 75,000 വരും. ഒരാൾക്ക്, തീർച്ചയായും 25 മിനിറ്റ് വായനയ്ക്കു വേണ്ടി മാറ്റവെയ്ക്കാൻ സാധിച്ചാൽ ഒരാഴ്ച്ചകൊണ്ട് ഒരു പുസ്തകത്തിന്റെ പകുതി വായിച്ചു തീർക്കുവാൻ സാധിക്കും. ഒരു മാസം രണ്ടു പുസ്തകം ; ഒരു വർഷം 20 പുസ്തകം ; ഒരു ജീവിതായുസ്സിൽ ഏകദേശം 1,000 പുസ്തകത്തിന്റെ വായനയിലേക്ക് ആ വ്യക്തിക്ക് പ്രവേശിക്കാനാകും.

ഒന്നു ചിന്തിച്ചു നോക്കു... നല്ല പുസ്തകങ്ങൾ വായിക്കാനെടുക്കുന്ന സമയത്തിനു പുറമെ ഒരു ദിവസം ബൈബിൾ വായിക്കുവാനായി അരമണിക്കൂറെങ്കിലും മാറ്റിവച്ചാൽ  ഒരു വർഷം കൊണ്ട് എത്ര തവണ ബൈബിൾ പൂർണ്ണമായും വായിച്ചുതീർക്കുവാൻ സാധിക്കും? പ്രിയ കൂട്ടുകാരേ, ബൈബിൾ വായിക്കുന്നതിനായി ഓരോ ദിവസം എത്ര സമയം എടുക്കാറുണ്ട്. ബൈബിളിനെ പുസ്തകങ്ങളുടെ പുസ്തകം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. കാരണം അത് ദൈവത്തിന് നമ്മളോടു പറയാനുള്ള ആലോചനകളാണ്. അതുകൊണ്ട് ബൈബിൾ വായന നമ്മുടെ ജീവിതത്തിൽ ഒഴിവാക്കാൻ പാടില്ല.

നല്ല ആത്മീയ ഗ്രന്ഥങ്ങൾ വായിക്കുവാനും നാം സമയം കണ്ടെത്തേണ്ടതുണ്ട്. ഏറ്റവും ഒടുവിലായി വായിച്ച ആത്മീയഗ്രന്ഥം ഏതാണ്? യേശുക്രിസ്തുവിനായി ജീവിതം സമർപ്പിച്ച മഹാന്മാരായ മിഷണറിമാരുടെ ധാരാളം കഥകൾ ഇന്ന് പുസ്തകങ്ങളായി ലഭ്യമാണ്. കൂട്ടുകാർ മറക്കാതെ അത് വാങ്ങി വായിക്കണം. 'വായിച്ചാൽ വളരും വായിച്ചില്ലെങ്കിൽ തളരും' എന്ന സത്യം മറന്നുപോകരുതേ...

നാം എത്രയോ സമയമാണ് ടെലിവിഷനിൽ കാർട്ടൂണുകളും മറ്റുപരിപാടികലും  കണ്ടും, വീഡിയോ ഗെയിം കളിച്ചും ഒക്കെ പഴാക്കിക്കളയുന്നത്. ഇങ്ങനെ സമയം പാഴാക്കാതെ വായനയുടെ ലോകത്തേക്ക് പ്രവേശിച്ചു നോക്കൂ. നിങ്ങൾ കൂടുതൽ മിടുക്കന്മാരും മിടുക്കികളുമായിത്തീരും.



**ബിജു ജോൺ**



അങ്കിൾ ബി എഴുതുന്നു...

# നല്ല നിക്ഷേപം



പ്രിയപ്പെട്ട കൂട്ടുകാരേ,

ചില സമയങ്ങളിൽ പോക്കറ്റ് മണിയും ചില്ലറ പൈസയും ഒക്കെ നമുക്ക് ലഭിക്കാറില്ലേ? ഇങ്ങനെ ലഭിക്കുന്ന പൈസ നാം ഭദ്രമായി കരുതിവയ്ക്കും. അല്ലേ? ദീർഘനാളുകൾ ശേഖരിച്ചു വയ്ക്കുന്ന പണം കൊണ്ട് നാം നമുക്ക് ഇഷ്ടമുള്ള സാധനം വാങ്ങുകയോ ഭക്ഷണം കഴിക്കുകയോ ചെയ്യാറുണ്ട്. നമ്മുടെ പണം അങ്ങനെ പല കാര്യത്തിൽ നിക്ഷേപിക്കുന്നു. നിങ്ങൾക്ക് ലഭിച്ചിട്ടുള്ള പണം ഒക്കെ നല്ല കാര്യത്തിനാണോ  ഇതുവരെ നിക്ഷേപിച്ചിട്ടുള്ളത്?

പണം മാത്രമല്ല സമയം, താലന്തുകൾ, ബുദ്ധി തുടങ്ങി പല കാര്യങ്ങൾ നാം ബുദ്ധിപൂർവ്വം നിക്ഷേപിക്കണം. ലഭിച്ച സകല കാര്യങ്ങളും ദൈവം നൽകിയതു മാത്രമാണ്. ലഭിച്ചതിനൊക്കെ നാം ഉത്തരവാദിത്തമുള്ളവർ ആണ്, അങ്ങനെയെങ്കിൽ എങ്ങനെ നമ്മുടെ പണവും സമയവും താലന്തുകളും ഒക്കെ ശരിയായി നിക്ഷേപിക്കും? ഏതാണ് ശരിയായ നിക്ഷേപം?

ഒരു സ്ഥലത്ത് ധനികനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. വിലപിടിപ്പുള്ള ഛായാചിത്രങ്ങളും പെയിന്റിംഗുകളും ശേഖരിക്കുക അദ്ദേഹത്തിന്റെ ഇഷ്ടവിനോദമായിരുന്നു. അതിനായി തന്റെ ധാരാളം സമ്പാദ്യം അദ്ദേഹം ചിലവഴിച്ചു. തന്റെ ഏകമകനും ഇക്കാര്യത്തിൽ പിതാവിനെപ്പോലെ ഉത്സാഹി ആയിരുന്നു. അവർ ദൂരദിക്കുകൾ സഞ്ചരിച്ച് തങ്ങളുടെ ചിത്രശേഖരം വർദ്ധിപ്പിച്ചു. ഇങ്ങനെ സന്തോഷമായി അവർ ജീവിക്കവെ ധനികനായ മനുഷ്യന്റെ ഏകമകൻ പെട്ടെന്ന് മരണമടഞ്ഞു. വളരെ വിഷാദത്തോടുകുടി ആ മനുഷ്യൻ തന്റെ ശിഷ്ടായുസ്സ് കഴിച്ചുകുട്ടി. ഏറെ നാൾ കഴിയും മുൻപേ ധനികനായ മനുഷ്യനും മരണമടഞ്ഞു. മരിക്കുന്നതിനു മുൻപെ തന്റെ സ്വത്തുക്കൾ എല്ലാം പരസ്യലേലം ചെയ്യുവാനുള്ള അവകാശം ഒരു വക്കീലിനെ താൻ ഏൽപിച്ചിരുന്നു. അങ്ങനെ ആ ലേലദിവസം വന്നെത്തി. ചിത്ര ശേഖരങ്ങൾ കരസ്ഥമാക്കുവാൻ ധാരാളം ആളുകൾ പാഞ്ഞെത്തി. വിലയേറിയ ചിത്രങ്ങളുടെ ലേലം ആരംഭിക്കുന്നതിനു മുൻപ് ധനികനായ മനുഷ്യന്റെ മകന്റെ ഒരു ഛായാചിത്രം വക്കീൽ ഉയർത്തിപിടിച്ചു. അതാണ് ആദ്യ ലേലം എന്നറിഞ്ഞപ്പോൾ പലർക്കും കോപം വന്നു. ആ ഛായാചിത്രം ആർക്കും വേണ്ടായിരുന്നു. എന്നാൽ ആ ചിത്രം ലേലം ചെയ്തതിനു ശേഷം മാത്രമേ മറ്റ് ഛായാചിത്രങ്ങളുടെ കച്ചവടം ആരംഭിക്കുകയുള്ളു എന്ന വക്കിലിന്റെ കടുംപിടുത്തം അനേകരെ ചൊടിപ്പിച്ചു. അവസാനം വളരെ തുച്ഛമായ വിലയ്ക്ക് ഒരു സാധാരണക്കാരൻ ആ മകന്റെ ചിത്രം വാങ്ങി. ഉടനെ തന്നേ ലേലം അവസാനിച്ചതായി വക്കീൽ പ്രഖ്യാപിച്ചു. ആ മകന്റെ ചിത്രം വാങ്ങുന്നവർക്ക് ഉള്ളതായിരുന്നു മറ്റെല്ലാ ഛായാചിത്രങ്ങളും.

ഒരു നല്ല നിക്ഷേപത്തിന്റെ കഥയാണ് ഇത്. യേശുക്രിസ്തു മാത്രമാണ് നല്ല നിക്ഷേപം. നാം ചെയ്യുന്ന എല്ലാ കാര്യങ്ങളും യേശുക്രിസ്തുവിനു ഇഷ്ടമുള്ളതായിരിക്കണം. 'മുൻപേ അവന്റെ രാജ്യവും നിതിയും' അതായിരിക്കണം നമ്മുടെ ആത്യന്തിക ലക്ഷ്യം. നാം കേട്ട കഥയിലെ മകന്റെ ചിത്രം പോലെയാണ് യേശുക്രിസ്തുവിലുള്ള നിക്ഷേപവും. ഈ ലോകപ്രകാരം അത് അധികമാരും ശ്രദ്ധിക്കുക ഇല്ലെങ്കിലും വിലയുള്ളത് ആ നിക്ഷേപം മാത്രമാണ്. നമ്മുടെ വാക്കുകളും പ്രവർത്തിയും ചിന്തകളും ക്രിസ്തുവിൽ വിലയുള്ളതാകണം. ഇപ്രകാരം നല്ല നിക്ഷേപം നടത്തുന്നവർ ജിവിതത്തിൽ പരാജയപ്പെടുകയില്ല. അതിനു ദൈവം നമ്മെ സഹായിക്കട്ടെ...



# അന്ധവിശ്വാസം

ബിജു ജോൺ








# നന്ദിയുള്ളവരായി ജീവിക്കൂ...

## രണ്ട് കൾ


ഒരിക്കൽ രണ്ട് കൾ ഒരു കുഞ്ഞു നുള്ളിൽ കുഞ്ഞുങ്ങളാകാൻ തയ്യാറെടുത്ത് ഇരുന്നിരുന്നു. കളിൽ ഒരു ക്ക് തന്റെ ഒട്ടും ഇഷ്ടപ്പെട്ടില്ല. എന്നും ആ പറയും എന്ത് പരുപരുത്ത ആണിത്, മരച്ചില്ലകൾ കൊണ്ടാണോ . ഉണ്ടാക്കുന്നത്... ഒരിക്കൽ ആ ഒന്നു തീരുമാനിച്ചു എങ്ങനെയെങ്കിലും ഈ ൽ നിന്നും മാറണം. ഇത് കേട്ട് രണ്ടാമൻ അവളെ വിലക്കി. അരുത് അങ്ങനെ ചെയ്യരുതേ വലിയ അപകടത്തിലേക്കാണു നീ ചെന്നെത്തുന്നത്. എന്നാൽ രണ്ടാമന്റെ വാക്കു കേൾക്കാതെ മെല്ലെ കൂടിനു വെളിയിലേക്ക് ഉരുണ്ടു പോയി. ദിവസങ്ങൾ കടന്നു പോയി. ഒരു പ്രഭാതത്തിൽ ഉള്ളിലെ വിരിഞ്ഞ് കുഞ്ഞിക്കിളി വെളിയിൽ വന്നു. നാളുകൾക്കുള്ളിൽ കുഞ്ഞിച്ചിറകുകൾ വീശി അവൻ പറക്കുവാൻ പഠിച്ചു. അന്നാദ്യമായി നു വെളിയിലേക്ക് അവൻ പറന്നു. താഴേക്ക് നോക്കിയപ്പോഴതാ താഴെ പൊട്ടിച്ചിതറി കിടക്കുന്നു തന്റെ കൂട്ടുകാരി. കൂട്ടുകാരെ ദൈവം നമുക്ക് നൽകിയിരിക്കുന്ന നന്മകളിൽ സന്തോഷിക്കാൻ തയ്യാറായാൽ നല്ലൊരു ജീവിതം ഉറപ്പാണ്.

ആർ.ജെ











**പൂവിനും പൂമ്പാറ്റയ്ക്കും നിറം കൊടുക്കാമോ?**
വലതുവശത്ത് കൊടുത്തിരിക്കുന്ന ചിത്രത്തിന്റെ നിറങ്ങൾ നോക്കി ചെയ്യണേ....

**ഒന്നേ, രണ്ടേ.... അറിയാമോ**
കൂട്ടുകാരേ എങ്കിൽ 1 മുതൽ 20 വരെയുള്ള കുത്തുകൾ തമ്മിൽ വരച്ചു യോജിപ്പിച്ച് നിറം കൊടുത്തു നോക്കൂ....



# മടി പിടിച്ച കുട്ടികൾക്കായ്

ബിജു കണ്ണൻ



മനുഷ്യൻ സമയബന്ധിതനാണ്. സമയത്തിൽ ജനിച്ച് സമയത്തിൽ സഞ്ചരിച്ച് സമയത്തിൽ മരിക്കുന്നു. ഈ കാലയളവിൽ നാം ചെയ്ത് തീർക്കേണ്ടതായിട്ടുള്ള പലതുമുണ്ട്. സമൂഹത്തിൽ ചെയ്യേണ്ടവ, കുടുംബത്തിൽ ചെയ്യേണ്ടവ, വ്യക്തിപരമായി ചെയ്യേണ്ടവ, മാനസികമായും ശാരീരികമായും ആത്മീകമായും ചെയ്യേണ്ടവ. ചില കാര്യങ്ങൾ സമയത്ത് ചെയ്യേണ്ടതുണ്ട്. 'മടി' ഇതിനിടയിൽ പ്രവേശിച്ച് നമ്മെ ഉത്തരവാദിത്വങ്ങളിൽ നിന്നും പിന്തിരിപ്പിക്കുന്നു. മടി എന്നതിന്റെ മറ്റ് നാമവിശേഷണങ്ങളാണ് ഉദാസീനൻ, അലസൻ, വെറുതെ സമയം കളയുന്നവൻ, മെല്ലെ, ചുണകെട്ട, താത്പര്യമില്ലാത്തവൻ, നിരുത്സാഹനായ, ആങ്ങി തൂങ്ങിനില്ക്കുന്ന മുതലായവ.

## മടിയന്റെ സ്വഭാവ സവിശേഷതകൾ

**1. മടിയൻ പ്രവർത്തികൾ നീട്ടികൊണ്ടുപോകുന്നവനാണ്:**

അവരുടെ ആദർശങ്ങളിൽ ഒന്നാണ് 'നാളെ ചെയ്യുവാൻ ഉള്ളത് ഇന്ന് ചെയ്യണ്ട.' മടിയന്മാർ പുതിയ പദ്ധതികൾ ആരംഭിക്കുന്നത് ഒഴിവാക്കും. മാത്രമല്ല ആരംഭിച്ചതായുള്ള പദ്ധതികൾ പൂർത്തികരിക്കയുമില്ല.

*സദൃശ്യവാക്യങ്ങൾ 20:4 മടിയൻ ശീതം നിമിത്തം ഉഴാതിരിക്കുന്നു. കൊയ്ത്തു കാലത്ത് അവൻ ഇരയ്ക്കും. ഒന്നുംകിട്ടുകയുമില്ല.*

**2. മടിയൻ യുക്തിയിൽ ചിന്തിക്കുന്നവനായിരിക്കും:**

അവരുടെ മനസ്സ് ശരീരത്തെക്കാൾ വേഗത്തിൽ പ്രവർത്തിക്കും. മടിയൻ പ്രവർത്തിക്കണ്ട എന്ന് വിചാരിച്ചാൽ, എന്തുകൊണ്ട് 'ഇല്ല' എന്നുള്ളതിന് തക്കതായ കാരണങ്ങളുണ്ടാക്കും

*സദൃശ്യവാക്യങ്ങൾ 22:13 വെളിയിൽ സിംഹമുണ്ട്, വീഥിയിൽ എനിക്ക് ജീവഹാനി വരും എന്ന് മടിയൻ പറയുന്നു.*

**3. മടിയന്മാർ മണ്ടന്മാരായിരിക്കും:**

എല്ലാ മണ്ടന്മാരും മടിയന്മാരകണമെന്നില്ല എന്നാൽ എല്ലാ മടിയന്മാരും മണ്ടന്മാരാണ്.

*സദൃശ്യവാക്യങ്ങൾ 26:16 ബുദ്ധിയോടെ പ്രതിവാദിപ്പാൻ പ്രാപ്തിയുള്ള ഏഴു പേരിലും താൻ ജ്ഞാനിയെന്ന് മടിയനു തോന്നുന്നു.*

**4. മടിയന് സ്ഥിരമായ പ്രചോദനവും മേൽനോട്ടവും ആവശ്യമാണ്:**

സമ്മർദ്ദങ്ങളില്ലാതെ കാര്യനിർവ്വഹണത്തിന് മടിയൻ തയ്യാറാവുകയില്ല.

*സദൃശ്യവാക്യങ്ങൾ 6:6 മടിയാ, ഉറുമ്പിന്റെ അടുക്കൽ ചെല്ലുക; അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്ക.*

**5. മടിയന് നിസ്സാരമായ പ്രതിരോധശേഷിയാണുള്ളത്:**

തീരുമാനം എടുക്കേണ്ട സാഹചര്യങ്ങളിൽ, ജ്ഞാനികളുടെ ഉപദേശം തേടുന്നതിന് പകരം കിടക്കയിൽ ഉറങ്ങുന്നവൻ അത്രേ മടിയൻ.

*സദൃശ്യവാക്യങ്ങൾ 19:15 മടി ഗാഢനിദ്രയിൽ വീഴിക്കുന്നു; അലസചിത്തൻ പട്ടിണി കിടക്കുന്നു.*

## മടിയന്റെ പ്രത്യേകതകൾ

**1. മടിയൻ സ്വസ്നേഹിയായിരിക്കും:** മറ്റുള്ളവനെക്കുറിച്ച് കരുതലില്ലാത്തവനായിരിക്കും.

*സദൃശ്യവാക്യങ്ങൾ 21:25,26 മടിയന്റെ കൊതി അവനു മരണഹേതു; വേല ചെയ്‌വാൻ അവന്റെ കൈകൾ മടിക്കുന്നുവല്ലോ.*

**2. മടിയൻ സുഖിയനായിരിക്കും:**

*സദൃശ്യവാക്യങ്ങൾ 21:17 ഉല്ലാസപ്രിയൻ ദരിദ്രനായിത്തീരും; വീഞ്ഞും തൈലവും പ്രീയപ്പെടുന്നവൻ ധനവാനാകുകയില്ല.*

**3. മടിയൻ ഹ്രസ്വദ്രഷ്ടിയുള്ളവനായിരിക്കും:** ഇന്നിനെക്കുറിച്ച് മാത്രം ചിന്തിക്കും. നാളയെക്കുറിച്ച് സ്ഥിരമായി സംസാരിക്കും, അത് ജോലിക്കായി പോകുമ്പോൾ മാത്രം എന്നാൽ മുൻകൂട്ടി ഒന്നും ചിന്തിക്കയില്ല ഭാവിയെക്കുറിച്ച് ഒരുങ്ങുന്നതിൽ പരാജിതനാണ്.

*സദൃശ്യവാക്യങ്ങൾ 10:5 വേനൽക്കാലത്തു ശേഖരിച്ചു വയ്ക്കുന്നവൻ ബുദ്ധിമാൻ; കൊയ്ത്തുകാലത്ത് ഉറങ്ങുന്നവനോ നാണം കെട്ടവൻ.*

**4. മടിയന് ഇന്ദ്രിയജയം ഇല്ല:** അനന്തരഫലം മനസ്സിലാക്കാതെ കാണുന്നതെല്ലാം ഭക്ഷിക്കും. കളിക്കുക, പണിയെടുക്കുക എന്ന തീരുമാനത്തിൽ എപ്പോഴും കളി തിരഞ്ഞെടുക്കും.

## മടിയന്റെ പ്രശ്നങ്ങൾക്കുള്ള പരിഹാരം

**1. മടിയന്റെ ചിന്താഗതികളും കാഴ്ചപ്പാടുകളും മാറണം:**

മടി ദൈവത്തിനും ദൈവത്തിന്റെ കല്പനകൾക്കും എതിരാണ്. ദൈവത്തിങ്കലേക്ക് തിരിയുക എന്നതാണ് ചെയ്യേണ്ടത്.

*സദൃശ്യവാക്യങ്ങൾ 15:19 മടിയന്റെ വഴി മുള്ളുവേലി പോലെയാകുന്നു; നീതിമാന്മാരുടെ പാതയോ പെരുവഴി തന്നെ.*

**2. മടിയൻ വേല ചെയ്യാൻ മനസ്സ് വെയ്ക്കണം**

*സദൃശ്യവാക്യങ്ങൾ 24:27 വെളിയിൽ നിന്റെ വേല ചെയ്ക; വയലിൽ എല്ലാം തീർക്കുക; പിന്നത്തേതിൽ നിന്റെ വീടു പണിയുക.*



സദൃശ്യവാക്യങ്ങളിലെ മടിയനെക്കുറിച്ചുള്ള പഠനം വളരെ ആഴമുള്ളതാണ്. നമുക്ക് അസംതൃപ്തമെന്ന് തോന്നുന്ന പല മേഖലകളിലും നാം മടിയന്മാരാകാം. ജോലിസ്ഥലത്തോ വീട്ടിലോ ആയിരിക്കാം അത്. സന്തോഷം നൽകുന്ന കാര്യങ്ങൾ ചെയുന്നതിന് മുമ്പ് പ്രധാനപ്പെട്ടത് എന്താണ് എന്ന് മനസ്സിലാക്കി ചെയ്യുവാൻ പഠിക്കണം.

# സൈമൺ ഷേക്സ്പിയർ

## N for NEBUCHADNEZZAR!

**വേ**ദപുസ്തകത്തിൽ നിന്നും അനേകർ നിഘണ്ടുവിൽ കയറികൂടിയിട്ടുണ്ട്. ചിലർ ബൈബിളിലെ അതേ സ്വഭാവത്തോടു കൂടി നിഘണ്ടുവിൽ സ്ഥാനം പിടിച്ചപ്പോൾ മറ്റ് ചിലർ വേറൊരു അർത്ഥത്തിൽ ആണ് ഇതിൽ കയറിപറ്റിയത്. രാജാക്കന്മാരായിരുന്ന നെബുക്ക്ദ്നേസർ, ബേൽശസ്സർ, ശൽമനേസ്സർ, എന്നിവർ സ്ഥാനം പിടിച്ചത് അളവുകളുടെ രൂപത്തിലാണ്. നെബുക്ക്ദ്നേസർ എന്ന ബാബിലോൺ രാജാവ് നിഘണ്ടുവിൽ 'വലിയ കുപ്പി' (large bottle) എന്ന അർത്ഥത്തിലാണ് ചെങ്കോൽ പിടിച്ചിരിക്കുന്നത്. 20 സാധാരണ കുപ്പികളുടെ അളവിനു തുല്യമായ വലിയ കുപ്പി. ഇത് ഷാംപെയ്ൻ എന്ന വീഞ്ഞ് നിറയ്ക്കുന്ന കുപ്പിയായി ഉപയോഗിക്കുന്നു. കുപ്പി അളവിനെ, പ്രശസ്തരായ പഴയനിയമ വ്യക്തികളുടെ പേരുകളിൽ വിളിക്കുന്നത് അന്നത്തെ രീതിയായിരുന്നു. ബേൽശേസ്സർ നെബുക്ക്ദ്നെസ്സറിനോളം വരില്ല. 16 സാധാരണ കുപ്പികളുടെ അളവായി അവൻ ഒതുങ്ങി. (12.80 litre കൊള്ളുന്ന അളവ്). 12 സാധാരണ കുപ്പികൾക്ക് തുല്യമായ വലിയ വീഞ്ഞ് കുപ്പിയായി ശൽമനേസ്സർ മാറി. ഇവനാണ് ഇവരിൽ ഏറ്റവും കുഞ്ഞൻ.

യിസ്രായേലിലെ മറ്റൊരു രാജാവായിരുന്നു യെഹു (Jehu). ഇദ്ദേഹം ഡിക്ഷ ണറിയിൽ മഹത്വവാനായി വാണരുളുന്നത്, 'ഭ്രാന്തൻ ഡ്രൈവർ' ആയിട്ടാണ്. ഇന്നത്തെ യുവാക്കളുടെ വേഗഭ്രമം പോലെ. പഴയനിയമത്തിൽ യേഹുവിന്റെ വേഗത്തിലുള്ള തേരോട്ടത്തെ പറ്റി പരാമർശിച്ചിട്ടുണ്ട്. 2.രാജാക്കന്മാർ 9:20 വായിക്കുമ്പോൾ ഈ വേഗഭ്രാന്തനെ കാണാം.

നിഘണ്ടുവിൽ കസേരയിട്ട് ഇരിക്കുന്ന പലരും ഉണ്ട്. ഇവർ അവരിൽ ചിലർ മാത്രം. കുടുതൽ വ്യക്തികളുമായി നമുക്ക് അടുത്ത ലക്കം കാണാം. അതു വരെ 'ഹസ്താ ലാ വിസ്താ' !!!



# കൗൺസിലറോടു ചോദിക്കാം

ഡോ. സജികുമാർ കെ. പി.



*ചോദ്യം : സർ, എന്റെ മാതാപിതാക്കൾക്ക് എന്നോടുള്ള ഏറ്റവും വലിയ പ്രശ്നം ഞാൻ പഠനത്തിൽ വേണ്ടത്ര ഉത്സാഹം കാണിക്കുന്നില്ല എന്നതാണ്. എനിക്ക് ഈ പ്രശ്നത്തിൽ നിന്ന് ഒരു മോചനം വേണം. പഠനനിലവാരം ഉയർത്തിക്കൊണ്ടു വരുവാൻ ചില മാർഗ്ഗനിർദ്ദേശങ്ങൾ തരാമോ?*

ഉത്തരം: ഇത് ഒരാളുടെ മാത്രം പ്രശ്നമല്ല. ഒട്ടനവധി വീടുകളിലും അദ്ധ്യയനവർഷം ആരംഭിക്കുമ്പോഴേ തുടങ്ങുന്ന ഒരു പ്രധാന പ്രശ്നമാണിത്. മാതാപിതാക്കൾക്ക് മക്കളോടുള്ള ഒരു പ്രധാന പ്രശ്നം അവർ പഠനത്തിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല എന്നതാണ്. ശരിക്കും പഠിക്കേണ്ട പ്രായമാണ് കൗമാരം. 21 വയസ്സ് ആകുമ്പോഴേക്കും ഒരാൾ ഏതു ജോലിയിൽ എത്തിച്ചേരുമെന്ന് തീരുമാനിക്കപ്പെട്ടു കഴിയും. അതു വരെ കളികൾക്ക് നൽകുന്നതിനേക്കാൾ കൂടുതൽ സമയവും പരിഗണനയും പഠനത്തിന് നൽകുന്ന കുട്ടികൾ മിടുക്കരായി നല്ല ഒരു സുരക്ഷിതഭാവി കൈവശമാക്കും. അല്ലാത്തവർ ജീവിതം സുരക്ഷിതമാക്കാനുള്ള വലിയ അവസരം നഷ്ടപ്പെടുത്തും. ഈ പുതിയ അധ്യയനവർഷത്തിൽ പഠനം സുഗമമാക്കുവാൻ താഴെ പറയുന്നവ ശ്രദ്ധിക്കുക.

1. നിങ്ങളുടെ അനുയോജ്യമായ പഠനസമയം അറിയുകയും ആ സമയം പഠനത്തിനായി വിനിയോഗിക്കുകയും ചെയ്യുക. ചിലയാളുകൾക്ക് രാത്രി എത്രനേരം ഇരുന്നു പഠിച്ചാലും ഉറക്കം വരുകയേ ഇല്ല. എന്നാൽ രാവിലെ നേരത്തെ എഴുന്നേൽക്കാൻ അവരെക്കൊണ്ടു സാധ്യമല്ല. എന്നാൽ വേറെ ചിലർ രാത്രി നേരത്തെ ഉറങ്ങുന്ന ശീലക്കാരാണ്. പക്ഷെ അവർക്ക് രാവിലെ നേരത്തെ എഴുന്നേറ്റാൽ ഒരു കുഴപ്പവും ഇല്ല. നിങ്ങളുടെ സമയം ഏതാണെന്നു മനസ്സിലാക്കി ആ സമയം പഠിക്കാൻ ഉപയോഗിക്കുക.

2. ചിലരുടെ സ്വഭാവം ഒരു അടുക്കും ചിട്ടയും ഇല്ലാത്തതാണ്. അങ്ങനെയുള്ളവർ പഠിക്കാനുള്ളതെല്ലാം നീട്ടിനീട്ടി വച്ച് അവസാനനിമിഷത്തിൽ ടെൻഷനടിക്കുന്നവരാണ്. പഠിക്കാൻ ബുദ്ധിമുട്ടുള്ളത് അവർ തൊടുകയേ ഇല്ല. ആ ശൈലി മാറ്റണം. പഠിക്കാനുള്ള പാഠങ്ങൾ ക്രമീകൃതമായി ആദ്യം തന്നെ പഠിച്ചു തീർക്കുകയും കൃത്യമായ റിവിഷൻ നടത്തുകയും ചെയ്താൽ പരീക്ഷ നിങ്ങൾക്കു പ്രശ്നമാവുകയേ ഇല്ല.

3. അദ്ധ്യാപകരുമായി ഒരു നല്ല ബന്ധം പുലർത്തുക. ഏതെങ്കിലും ഒരു ടീച്ചർ നിങ്ങളെ അനാവശ്യമായി ശിക്ഷിക്കുകയോ കാരണം കൂടാതെ കുറ്റപ്പെടുത്തുകയോ ചെയ്താൽ ആ ടീച്ചറിനോട് സ്വകാര്യമായി ആ വിഷയം ചർച്ച ചെയ്ത് ക്ഷമ ചോദിച്ച് ടീച്ചറുമായുള്ള ബന്ധം നന്നായി മുന്നോട്ടു കൊണ്ടു പോകണം. അല്ലെങ്കിൽ പതുക്കെ ആ അനിഷ്ടവും ദേഷ്യവും ആ വിഷയത്തിൽ മടുപ്പ് ഉണ്ടാക്കിയേക്കാം. ആ ടീച്ചർ പഠിപ്പിക്കുന്ന വിഷയത്തിൽ നിങ്ങൾ പതുക്കെ പുറകോട്ടു പോകാൻ ഇടയാകും.

4. ഭാവിയെക്കുറിച്ച് ഒരു കാഴ്ചപ്പാട് ഉണ്ടാക്കുക. നിങ്ങളുടെ അഭിരുചിയും ആഗ്രഹവും പശ്ചാത്തലവും മുൻനിർത്തി ഒരു സ്വപ്നം ഉണ്ടാക്കണം. നിങ്ങൾ ആരാകാൻ ആഗ്രഹിക്കുന്നു എന്ന് വ്യക്തമായ ഒരു ധാരണയുണ്ടാകുമ്പോൾ പഠിക്കാനും ആ മേഖലയിൽ കൂടുതൽ അറിവു സമ്പാദിക്കാനും അത് ഉപകരിക്കും. അങ്ങനെ ഒരു മോട്ടിവേഷൻ ഉണ്ടാക്കുന്നത് പഠനത്തെ നന്നായി ഉയർത്തി കൊണ്ടുവരും.

സർവ്വോപരി ദൈവത്തിൽ ആശ്രയിക്കുകയും വ്യക്തിപരമായി ദൈവത്തോട് ഒരു ബന്ധം രൂപീകരിക്കുകയും അത് നിലനിർത്തുകയും ചെയ്യുക. പഠനത്തെ സംബന്ധിച്ച് നിങ്ങൾക്കുള്ള എല്ലാ ടെൻഷനും ദൈവത്തോട് പറയുക. ബൈബിൾ ധ്യാനിക്കാനും പ്രാർത്ഥിക്കാനും കൃത്യമായ സമയം എന്നും കണ്ടെത്തുക. അങ്ങനെ ഈ പുതിയ അദ്ധ്യയനവർഷം നിങ്ങളുടെ പഠനം ശക്തമായി മുന്നോട്ടു കൊണ്ടു പോവുക.

കഥ



# പഴുത്ത ചക്ക

ബിജു പോർക്കുളം

'ഹായ് .. ബിനൂ..'

കാലുകൾക്കിടയിൽ മുഖം പൂഴ്ത്തി ഇരിക്കുകയായിരുന്ന ബിനുവിനെ റെജി തട്ടി വിളിച്ചു. അവൻ തളർന്ന കണ്ണുകളുയർത്തി റെജിയെ നോക്കി.

'എന്താ നീ ഇവിടെ ഇരിക്കണേ..'

അപ്പോഴാണ് ബിനുവിനു പരിസരബോധമുണ്ടായത്. വെയിലിന് ചൂട് കൂടിയിരിക്കുന്നു.

'ഒന്നുമില്ല' എന്നർത്ഥത്തിൽ അവൻ മെല്ലെ തലയാട്ടി. രണ്ടു ദിവസമായി കാര്യമായിട്ട് എന്തെങ്കിലും കഴിച്ചിട്ട്. ഇന്നാണ് അപ്പന് ഒരു പണി കിട്ടിയത്. വയറു വിശന്നു പൊരിയുന്നു. വലിയ പണക്കാരന്റെ മകനായ റെജിക്ക് അത് മനസ്സിലാവില്ല.

'നീ ഞങ്ങടെ കുന്നുംപറമ്പിലേക്ക് വരുന്നോ? നല്ല പഴുത്ത ചക്ക തരാം.'

ബിനുവിന്റെ കണ്ണുകൾ തിളങ്ങി. അവന്റെ വായിൽ അവനറിയാതെ വെള്ളം നിറഞ്ഞു. 'പഴുത്ത ചക്ക!'

'വെറുതെ തര്വോ?' ബിനുവിനു സംശയമായി.

റെജിയും ബിനുവും സ്കൂളിൽ ഏഴിൽ ഒരേ ക്ലാസിലാണ് പഠിക്കുന്നത്. ക്ലാസ്സിൽ വെച്ച് പലപ്പോഴും 'സ്നാനം മുങ്ങീ ' എന്ന് വിളിച്ചു കളിയാക്കാറുള്ള റെജിക്ക് ഇന്നെന്തുപറ്റി?!

'വെറുതെ എന്നുപറഞ്ഞാൽ ... ഞങ്ങടെ പറമ്പിലെ ചക്കേം മാങ്ങേം ഒക്കെ പറിച്ചു തരണം.'

റെജി പറഞ്ഞത് കേട്ട് ബിനുവിന്റെ മുഖം വാടി. പുറത്തെങ്ങും പോകരുതെന്നാണ് അപ്പൻ പറഞ്ഞിട്ടുള്ളത്. വയറാണെങ്കിൽ വിശന്നു പൊരിയുന്നു.

'എന്താ വര്വോ?.. നല്ല ഉഗ്രൻ ചക്കയാ.. എന്താ അതിന്റെ ഒരു രുചി!! ഹോ!!' റെജി പ്രലോഭനങ്ങളുടെ കെട്ടഴിച്ചു.

ബിനുവിനു വല്ലാത്ത സങ്കടം തോന്നി. അമ്മയോട് ചോദിച്ചാലോ? വിശന്നിട്ടാണെന്നു പറഞ്ഞാൽ വിടാതിരിക്കില്ല. അമ്മ അകത്തു പ്രാർത്ഥനയിലാണ്. ഈ അമ്മയ്ക്ക് എപ്പോഴും പ്രാർത്ഥനയാണ്. അവൻ അമ്മയെ പ്രാർത്ഥനയിൽ നിന്നും ഉണർത്തി അനുവാദം ചോദിച്ചു.

മകൻ പറയുന്നതിൽ കാര്യമുണ്ടെന്നു അന്നമ്മയ്ക്കു അറിയാം.

'മരത്തില് സൂക്ഷിച്ചു വേണംട്ടാ കേറാൻ..' അവൾ മകന് സമ്മതം നൽകി.

കുന്നുംപറമ്പിലേക്ക് ചെന്നപ്പോൾ റെജിയുടെ കൂടെ അവന്റെ വല്യമ്മച്ചിയും ഉണ്ടായിരുന്നു. ഒരു വലിയ ചാക്കും കൈയിൽ പിടിച്ചു അവർ നിന്നു. ആ പറമ്പിൽ നിറച്ചും മാവും പ്ലാവും ഉണ്ടായിരുന്നു. ഒട്ടുമുക്കാലും കായ്ക്കുന്നവ. വല്യമ്മച്ചി കാണിച്ചുകൊടുത്ത എല്ലാ മാവിലും പ്ലാവിലും ബിനു വലിഞ്ഞുകയറി, ചക്കയും മാങ്ങയും പറിച്ചു കൊടുത്തു. ഒടുവിൽ മരത്തിൽ നിന്നും ഇറങ്ങുമ്പോൾ അവൻ വല്ലാതെ കിതയ്ക്കുന്നുണ്ടായിരുന്നു. വല്യമ്മച്ചിയും റെജിയും കൂടി എല്ലാം ചാക്കിനകത്താക്കി.

'ടാ .. ബിനൂ, ഈ ചക്ക നീ കൊണ്ടുപോയ്ക്കോ.'

വല്യമ്മച്ചി നിലത്തു കിടക്കുന്ന ചക്ക ചൂണ്ടിക്കൊണ്ട് പറഞ്ഞു. ബിനു അവരുടെ അടുത്തേയ്ക്ക് ചെന്നു.

'ദേ.. ഇതും കൂടെ വെച്ചോ..' വല്യമ്മച്ചി മുണ്ടിന്റെ തലയ്ക്കൽ കെട്ടിയിരുന്ന പഴകിയ ഒരു അൻപതു രൂപ നോട്ടെടുത്തു ബിനുവിന്റെ കൈയിൽ വെച്ചു കൊടുത്തു. ബിനുവിനത് നിരസിക്കുവാൻ കഴിഞ്ഞില്ല. അവൻ ചക്കയുടെ അടുത്തേയ്ക്കു നീങ്ങി.

ചക്കയെടുത്തു നോക്കിയ ബിനു ഞെട്ടിപ്പോയി! പശുവിനു കൊടുക്കാനാണെന്നു പറഞ്ഞു പറിച്ച ആ ചീഞ്ഞ ചക്ക! വല്യമ്മച്ചിക്കു തെറ്റു പറ്റിയതാണെന്ന് കരുതി അവൻ വിളിച്ചു പറഞ്ഞു:

'അമ്മച്ചീ ഇതു ചീഞ്ഞതാ....'

വല്ല്യമ്മച്ചി തിരിഞ്ഞു നിന്നുകൊണ്ട് പറഞ്ഞു.

"എടാ ചക്കക്കൊക്കെ ഇപ്പോ ഭയങ്കര വിലയാ... നീ അത് തിന്നാ മതി..."

അവർ തിരിഞ്ഞു നടന്നു. റെജിയുടെ മുഖത്ത് ഒരു പരിഹാസച്ചിരി.

ബിനുവിന് ദേഷ്യവും സങ്കടവും ഒന്നിച്ചു വന്നു.



ചക്കയെടുത്ത് ഒരേറ് എറിയാനാണ് അവനു തോന്നിയത്. പിന്നെയവൻ ആശ്വസിച്ചു. അൻപത് രൂപയുണ്ടല്ലോ. അതു കൊണ്ട് എന്തെങ്കിലും വാങ്ങി കഴിക്കാം. വയറ് കത്തിക്കാളുകയാണ്. കൈകാലുകൾ തളരുന്നു. മരത്തിലുരഞ്ഞ് തൊലി പോയ ഭാഗത്ത് കടുത്ത നീറ്റലുണ്ട്.

അവൻ ചക്കയുമായി വീട്ടിലേക്ക് നടന്നു. കിട്ടിയ അൻപത് രൂപ അമ്മയെ ഏല്പിച്ചു. ആ ചക്കയുടെ ഒരു ചെറിയ ഭാഗം മാത്രമേ നല്ലതായിരുന്നുള്ളൂ. അവനത് വെട്ടി ആർത്തിയോടെ ചുള പറിച്ചു തിന്നു. വയറ്റിൽ ചക്ക ചെന്നപ്പോൾ ബിനുവിന് നല്ല ഉന്മേഷം തോന്നി. റെജി പറഞ്ഞത് ശരിയാ. എന്താ ചക്കയുടെ രുചി!

"ബിനൂ...." അമ്മയുടെ വിളി കേട്ട് അവൻ ഓടിച്ചെന്നു.

"മോനേ... ഈ നോട്ട് എടുക്കാത്തതാ..."

"എന്ത്! നോക്കട്ടെ.."

ബിനു നോട്ടെടുത്ത് നിവർത്തി നോക്കി. അതിന്റെ നടുക്ക് ഒരു വലിയ ദ്വാരം! വക്കുകളെല്ലാം പൊട്ടിപ്പോയിരിക്കുന്നു. പഴകി ദ്രവിച്ച ആ നോട്ട് പിച്ചക്കാരു പോലു വലിച്ചെറിയും. ബിനു അറിയാതെ തലയിൽ കൈ വച്ചു പോയി! റെജിയുടെ വാക്കു കേട്ട് ഇറങ്ങിയ ആ നിമിഷത്തെ അവൻ ശപിച്ചു. അവന്റെ മനസ്സ് മോഹഭംഗത്താൽ നീറി.

വൈകുന്നേരം അപ്പൻ ഒരു ചെറിയ സഞ്ചിയിൽ വീട്ടു സാധനങ്ങളുമായി വന്നു. അന്നത്തെ കൂലിക്ക് വാങ്ങിയതാണവ. ബാക്കി വന്ന അൻപത് രൂപ തിണ്ണയിൽ വച്ചു കൊണ്ട് അപ്പൻ ബിനുവിനെ വിളിച്ചു. അപ്പന്റെ അടുത്ത് വന്ന് ബിനു തേങ്ങലോടെ പകൽ നടന്ന കാര്യങ്ങളെല്ലാം പറഞ്ഞു. അവന്റെ തൊലി പോയ ശരീരത്തെ തലോടിക്കൊണ്ട് അപ്പൻ പറഞ്ഞു:

"സാരമില്ല മോനെ ചില മനുഷ്യര് അങ്ങനെയാ. നീ വാ. നമുക്ക് അവര് തന്ന പണം തിരിച്ചു കൊടുക്കാം."

അപ്പൻ തിണ്ണയിൽ വച്ചിരുന്ന അൻപത് രൂപ നോട്ടെടുത്തു.

"ഇതല്ലല്ലോ... അവര് തന്ന അൻപത് രൂപ. ഈ കീറാത്ത നോട്ടാണോ കൊടുക്കണെ?" ബിനു അതിശയത്തോടെ അപ്പനെ നോക്കി.

"അതെ... നമ്മൾ ദൈവമക്കളല്ലെ. കർത്താവല്ലെ നമുക്ക് പ്രതിഫലം തരുന്നത്. നീ വാ..."

അവന്റെ കൈപിടിച്ച് റെജിയുടെ വീട്ടിലേക്ക് നടക്കുമ്പോൾ ബിനുവിന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

അതേ കൂട്ടുകാരേ, നാം ദൈവമക്കളാണ്. തിന്മയ്ക്ക് പകരം തിന്മ ചെയ്യാതെ നന്മയാൽ തിന്മയെ ജയിക്കുവാനും നിശ്ചയമില്ലാത്ത ധനത്തിലല്ല നമുക്ക് സകലവും ദാനമായി തരുന്ന ദൈവത്തിൽ ആശവെയ്പാനും സർവ്വശക്തൻ നമ്മെ എല്ലാവരെയും സഹായിക്കുമാറാകട്ടെ.







# അറിവിലേയ്ക്കൊരു കോവേണി

1. *എന്റെ ജന്മദേശം ബ്രസീൽ - എന്നെ ഇന്ത്യയിൽ എത്തിച്ചത് പോർച്ചുഗീസുകാരാണ്. വിശാഖം തിരുനാൾ മഹാരാജാവാണ് തിരുവിതാംകൂർ പ്രദേശത്ത് എന്നെ ജനകീയമാക്കിയത്. രണ്ടാം ലോകയുദ്ധനാളുകളിലെ ക്ഷാമകാലത്ത് (1939 - 45) ബർമ്മയിൽ നിന്നും അരി ഇറക്കുമതി നിലച്ചപ്പോൾ എന്നെ ആളുകൾ കൂടുതൽ അറിഞ്ഞു. ഞാൻ ആര്?*

**കപ്പ**



കപ്പയുടെ യഥാർത്ഥ ഇംഗ്ലീഷ് Cassova എന്നാണ്. Tapioca - കപ്പയുടെ പൊടിയാണ് (Startch). ഈ പേരാണ് കേരളത്തിൽ പ്രചാരം നേടിയത്. സംശയമുണ്ടെങ്കിൽ ഓക്സ്ഫോർഡ് നിഘണ്ടു എടുത്തു നോക്കൂ. നമ്മുടെ ഇംഗ്ലീഷ് - മലയാളം ഡിക്ഷ്നറികളിൽ ഈ തെറ്റ് കാണാം.

2. *Guinea Pig (ഗിനിപ്പന്നി), India Paper, Catgut എന്നിവയുടെ പ്രത്യേകതയെന്ത്?*

ഇവയെല്ലാം Misnomers (ദുരർഥപദങ്ങൾ) ആണ്. എന്നു വച്ചാൽ, ഒരു വ്യക്തിക്കോ, സ്ഥലത്തിനോ, വസ്തുവിനോ തെറ്റായ രീതിയിൽ ഇട്ടു കൊടുക്കുന്ന പേര്.

ഇവിടെ ഗിനിപ്പന്നി ഒരു പന്നിയല്ല. പിന്നെയോ, എലിയുടെ വർഗത്തിൽപ്പെട്ട ജീവിയാണ്.

ഇന്ത്യാ പേപ്പർ - ഈ പേപ്പർ ഇന്ത്യയിലുണ്ടാക്കുന്നവയല്ല. ഒരിനം കട്ടി കുറഞ്ഞ വെള്ളക്കടലാസാണിത്. ബൈബിൾ അച്ചടിയിൽ വ്യാപകമായി ഉപയോഗിച്ചു.

ക്യാറ്റ്ഗട്ട് (Catgut) - പേരിൽ പൂച്ചയുണ്ടെങ്കിലും, ആടിന്റെ കുടലുണക്കിയെടുക്കുന്ന ബലമുള്ള ചരടാണിത്. ശസ്ത്രക്രിയയിലും വീണാതന്ത്രിയായും മറ്റും ഇതുപയോഗിക്കുന്നു.

3. *'Gigantic' - ഈ വാക്കിന്റെ ഉച്ചാരണം എങ്ങനെ?*

**ജൈജാന്റിക്**

4. *ദേവലോകം കോട്ടയത്തും സ്വർഗ്ഗം എറണാകുളത്തുമാണെങ്കിൽ പാതാളം എവിടെയാണ്?*

ഇതും എറണാകുളത്താണ് (ദേവലോകം, സ്വർഗ്ഗം, പാതാളം എന്നിവ കേരളത്തിലെ സ്ഥലപ്പേരുകളാണ്.)

5. *Nosology' എന്തിനെക്കുറിച്ചുള്ള പഠനമാണ്?*

രോഗവർഗ്ഗീകരണം (രോഗവിവരണവിദ്യ) കൈകാര്യം ചെയ്യുന്ന വൈദ്യശാസ്ത്രശാഖയാണിത് (മൂക്കിനെക്കുറിച്ചുള്ള പഠനമല്ല ഇത്).

6. *ആരുടെ മരണത്തിലാണ് ഇന്ത്യയുടെ മുൻ പ്രധാനമന്ത്രി I.K. Gujral (ഐ.കെ.ഗുജ്റാൾ) 'ഇന്ത്യ ദരിദ്രയായി' (India has become poor) എന്നു പറഞ്ഞത്.*



**മദർ തെരേസ**

7. *ഒരാൾ 'How do you do?' എന്നു പറഞ്ഞാൽ നാം തിരിച്ച് എന്തു പറയണം?*

**How do you do?** (മലയാളത്തിൽ 'നമസ്കാരം' എന്നു പറഞ്ഞാൽ 'നമസ്കാരം'എന്നു പറയുംപോലെ)

8. മോശം വസ്ത്രം ധരിച്ചു വന്നപ്പോൾ കാശ്മീർ രാജധാനിയിൽ പ്രവേശനം കിട്ടാതെ മടങ്ങേണ്ടി വന്ന ഈ കവിക്ക് മോടിയോടെ വസ്ത്രധാരണം ചെയ്ത് എത്തിയപ്പോൾ പ്രവേശനം കിട്ടുകയും ചെയ്തു. രാജധാനിയിൽ സദ്യ തുടങ്ങി. അപ്പോൾ ഈ കവി വസ്ത്രങ്ങൾ അഴിച്ചു വച്ചു. എന്നിട്ട് അവയുടെ മുന്നിൽ ഇല വച്ചു വിളമ്പാൻ ആവശ്യപ്പെട്ടു. ഇങ്ങനെ ചെയ്ത കവിയാരാണ്?

**ബിൽഹണൻ**

9. *സുഹൃത്തിന്റെ വിലാസമെഴുതി താഴെ കോഴിക്കോട് - 5 എറിയാൽ 6 എന്നെഴുതിയ ഫലിത സാമ്രാട്ട് ആരായിരുന്നു*

**വി.കെ.എൻ (V.K.N)**


10. *ഒരു മലയാളി ബാലൻ. 1976 മെയ് 19 - നു ജനിച്ചു. നടക്കാൻ പഠിക്കുന്നതിനു മുമ്പേ ചിത്രം വര തുടങ്ങി. 7 വയസ്സിനിടയിൽ 20,000 ചിത്രങ്ങൾ വരച്ചു. 1983 ഏപ്രിൽ 15 ന് ഈ കുരുന്നു ജീവൻ പൊലിയുകയും ചെയ്തു. ആരാണീ അത്ഭുതബാലൻ?*

**എഡ്മണ്ട് തോമസ് ക്ലിന്റ് (Edmund Thomas Clint)**

## BONUS QUESTION

ഈ വർഗ്ഗക്കാർക്കിടയിൽ നിലവിലുള്ള ഭാഷയാണിത്. പേര് 'ജിലിവിരി'. എന്തിനും നേരെ വിപരീതം പറയുന്ന ഭാഷ. ഉദാഹരണമായി, 'നിന്റെ ശബ്ദം എത്ര മനോഹരം' എന്നു പറഞ്ഞാൽ 'നിന്റെ ശബ്ദം പാറപ്പുറത്തു ചിരട്ടയിട്ടുരസുന്നതു പോലെയാണെടോ!' എന്നായിരിക്കും അർത്ഥം. 'കടന്നു പോകാൻ എന്നു പറഞ്ഞാൽ 'വന്നാട്ടെ' എന്നും. ഈ ഗോത്രവർഗത്തിന്റെ പേര് -

**വാർപിരി** (ഓസ്ട്രേലിയയിലാണ് ഇവരെ കാണുന്നത്) സ്വല്പം പിരിയുണ്ടല്ലേ!



# ടെക്കനും ടെക്കിയും

നേര് പറയും നേരെ പറയും






## തിരഞ്ഞെടുപ്പ് ചൂട് മൊബി ലോകത്തിലും

**സ്വന്തം ലേഖകൻ**

ആപ്സിറ്റി: തിരഞ്ഞെടുപ്പ് ചൂട് പിടിച്ചിരിക്കുന്ന രാഷ്ട്രീയ അന്തരീക്ഷത്തെയും വെല്ലുന്ന ഒരുക്കങ്ങളോടെ ഇതാ മൊബിലോകവും അവരുടെ തിരഞ്ഞെടുപ്പിനായി തയ്യാറെടുക്കുന്നു. പുത്തൻ ആപ്പുകളും കോലാഹലങ്ങളുമൊക്കെ ഉൾക്കൊള്ളിച്ച് നിരവധി വൈവിധ്യങ്ങളായ ഫീച്ചറുകളുടെ ഒരു പ്രപഞ്ചം തന്നെ ഒരുക്കിയാണ് വമ്പന്മാർ മുതൽ കുഞ്ഞന്മാർ വരെ തിരഞ്ഞെടുപ്പിനെ നേരിടുന്നത്. എല്ലാവരും ഒരുപോലെ യുവസമൂഹത്തെ മുൻകണ്ടാണ് തിരഞ്ഞെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആപ്പുകളുടെയും ഗെയിമുകളുടെയും ഒരു ബഹളം തന്നെ ഓരോരുത്തരും വാഗ്ദാനം ചെയ്യുന്നു. വഴി തെറ്റിക്കൽ ആപ്പ്, സമയം കളയൽ ഗെയിം എന്നു തുടങ്ങി നിരവധി അത്യാകർഷകങ്ങളായ കാര്യങ്ങൾ അവതരിപ്പിക്കുന്ന ഈ തെരഞ്ഞെടുപ്പിന്റെ തീമായി തിരഞ്ഞെടുത്തിരിക്കുന്നത് "സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട' എന്ന ആപ്തവാക്യമാണ്.

N.B: **ഓർത്തോ അത് നമുക്കൊരു മുന്നറിയിപ്പു കൂടിയാണ്.**



## ഇനി ടെൻഷൻ ഇല്ല! ഇല്ലേ ഇല്ല!!

തുണികഴുകാനും പാചകം ചെയ്യാനും മുറ്റമടിക്കാനും അങ്ങനെ എന്തിനും ഏതിനു ഇപ്പോൾ "ആപ്പ്" ഉണ്ടല്ലോ

**ആപ്പ് ഒരു മൊബി സർക്കാർ ഉൽപ്പന്നം**



### ക്ലാസ്സിഫൈഡ്സ്

## അനുയോജ്യരായ വരന്മാരെ ക്ഷണിക്കുന്നു

തന്റേടമില്ലാത്ത കാരണത്താൽ തന്റെ യജമാനനുമായി ബന്ധം വേർപെടുത്തിയ മൈക്രോ മാക്സുകൾക്ക് അനുയോജ്യരായ യജമാനന്മാരെ ക്ഷണിക്കുന്നു.

തന്റേടമില്ലാത്ത കാരണത്താൽ തന്റെ യജമാനനുമായി ബന്ധം വേർപെടുത്തിയ മൈക്രോ മാക്സുകൾക്ക് അനുയോജ്യരായ യജമാനന്മാരെ ക്ഷണിച്ചു കൊള്ളുന്നു (മറ്റു ബാധ്യതകൾ ഒന്നുമില്ല)



## പാളത്തിലൂടെ മൊബിയുമായി കിന്നരിച്ചു നടന്ന യുവാവിന്റെ സ്റ്റിക്കർ ട്രെയിനിൽ

റെയിൽവാലി: റെയിൽവാലി സ്റ്റേഷനിൽ നിന്നും ഒരു കിലോമീറ്റർ ദൂരെ പാളത്തിലൂടെ മൊബിയിൽ സംസാരിച്ചു പോകുകയായിരുന്നു പാച്ചു എന്ന സുന്ദരനും സുമുഖനുമായ ചെറുപ്പക്കാരൻ ട്രെയിൻ കടന്നു പോയപ്പോൾ അതിന്റെ മുൻഭാഗത്ത് സ്റ്റിക്കറായി കാണപ്പെട്ടതായി അറിയുന്നു. ദൂരെ നിന്നും സൈറൻ മുഴക്കിയിട്ടും മൊബിയുമായി കിന്നരിച്ചിരുന്ന പാച്ചൻ ശ്രദ്ധിക്കാതെ വന്നതോടെയാണ് ട്രെയിൻ മാമൻ ഈ കടുംകൈ ചെയ്യേണ്ടി വന്നത്. ഇങ്ങനെയുള്ള അപകടങ്ങൾ അനുദിനം പെരുകി വരുന്നതായി റിപ്പോർട്ടുകൾ പറയുന്നു. എനിക്ക് പറയാനുള്ളത് ഇത്രമാത്രം. ഒന്നു ശ്രദ്ധിച്ച് നടന്നൂടെ ഇവനൊക്കെ.



## കാൺമാനില്ല

ഈ ഫോട്ടോയിൽ കാണുന്ന നോക്കിയാമോനെ ഇന്നലെ രാവിലെ മുതൽ കാണാതായിരിക്കുന്നു. പലവട്ടം മിസ്ഡ് കോളുകൾ അടിച്ചിട്ടും മെസ്സേജ് അയച്ചിട്ടും പ്രതികരണം ഒന്നുമില്ല. നിന്നെയും കാത്ത് ദുഃഖാർത്തനായിരിക്കുന്ന മുതലാളി

മകനേ എവിടാടാ.... നീ ഓടിവാടാ....

## ടെക്കമ്മാവൻ & ടെക്കമ്മായി






## നിര്യാതനായി

ഷിങ്കുമോൻ ആപ്പിൾ വീണു മരിച്ചു (ഭാഗ്യവശാൽ ആരുടെയും തലയിലല്ല). ആഘോഷത്തിനിടയിൽ കൈയിൽ നിന്നും വഴുതി പെട്ടെന്നുള്ള വീഴ്ചയുടെ ആഘാതത്തിൽ ഡിസ്പ്ലേ പൊട്ടിയാണ് ആപ്പിൾ ഇഹലോകവാസം വെടിഞ്ഞത്. അടക്കം ഇസ്തോറിലെ റീസൈക്കിൾ ബിന്നിൽ രാവിലെ 10 മണിക്ക്.

തയ്യാറാക്കിയത്: **ആർ.ജെ.**

# ഭാഗ്യവാൻ

## മിടുക്കനായൊരു മണ്ടൻ

ആർ. ജെ.

ഭാഗ്യവാൻ മിടുക്കനായിരുന്നു. പക്ഷേ പലപ്പോഴും പേരുപോലെ തന്നെ ഭാഗ്യംകൊണ്ടായിരുന്നു പല മണ്ടത്തരങ്ങളിൽ നിന്നും അവൻ രക്ഷപ്പെട്ടിരുന്നത്.












# തെങ്ങാ.. തേങ്ങായോ ആദ്യം..

വേദബന്ധു

**തെ**ങ്ങാണോ തേങ്ങയാണോ ആദ്യം ഉണ്ടായത്? ആദാമിനോളം പഴക്കമുള്ള ചോദ്യം. ദൈവശാസ്ത്രജ്ഞന്മാരെ കുഴക്കിയ ചോദ്യം. എന്നാൽ ബൈബിളിനോളം പഴക്കമുള്ള ഈ ചോദ്യത്തിനുള്ള ഉത്തരം ബൈബിളിൽ തന്നെ ഒളിഞ്ഞുകിടപ്പുണ്ട്. അല്ല, തെളിഞ്ഞുകിടപ്പുണ്ട്. ശ്രദ്ധിച്ചു വായിക്കണം എന്നു മാത്രം.

നോക്കുക ഉല്പത്തി 1:11,12 (ഭൂമിയിൽ നിന്ന് പുല്ലും വിത്തുമുള്ള സസ്യങ്ങളും ഭൂമിയിൽ നിന്നും അതതു തരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചു വരട്ടെ എന്നു ദൈവം കല്പിച്ചു. അങ്ങനെ സംഭവിച്ചു. ഭൂമിയിൽ നിന്ന് പുല്ലും അ തതുതരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചുവന്നു.)

അതെ, ദൈവം തെങ്ങു സൃഷ്ടിച്ചപ്പോൾ തേങ്ങയും ഉണ്ടായിരുന്നു. അമ്മയും കുഞ്ഞും എന്ന പോലെ.

മനുഷ്യൻ ദൈവത്തിന്റെ ജ്ഞാനത്തെ ചോദ്യംചെയ്തു വെല്ലുവിളിക്കുന്നു. സിംഹത്തിനെ എതിരിടാൻ പല്ലുകുത്തിയുമായി ചെല്ലുന്നതു പോലെ. അ വർ കണ്ണുതുറന്നു നോക്കുന്നില്ല. ഹോ! മനുഷ്യൻ എത്ര നിസ്സാരൻ. അവൻ ദൈവത്തിന്റെ ജ്ഞാനത്തിനു മുൻപിൽ ബിഗ് സീറോ. ഹാ! ദൈവത്തിന്റെ ജ്ഞാനം അറിവ് എന്നിവയുടെ ആഴ മേ!!!!!

## Our 5 Senses

I will praise You, for I am fearfully and wonderfully made; marvelous are your works. — Psalm 139:14




**Our senses are an amazing gift from our Creator God, and we should use them in ways that honor and glorify the One who gave them to us.**



# ആരാണ് വലിയവൻ

പാസ്റ്റർ പ്രവീൺ കുമാർ, കോഴിക്കോട്

**ചി**ല്ലിയാർകൂടം വനത്തിൽ ഉറ്റ സുഹൃത്തുക്കളായി ജീവിച്ചു വന്നവരാണ് പച്ചയാൻ തത്തയും കറുപ്പൻ കുയിലും. തീറ്റകൾ എവിടെ നിന്നു കിട്ടിയാലും ഒരുപോലെ വീതിച്ചു ഇവർ കഴിക്കുമായിരുന്നു. ഒരു ദിവസം പച്ചയാൻ കറുപ്പനോട് "കുയിലച്ചാരേ... കുയിലച്ചാരേ..." എനിക്കൊരു സംശയം. നമ്മൾ രണ്ടു പേരിലും ആർക്കാണ് അഴകു കൂടുതൽ? എന്റെ ചിന്ത: ഞാൻ തന്നെ അഴകുള്ളവൾ എന്നാണ്. കാരണം മനുഷ്യർ സംസാരിക്കുന്നതു പോലെ സംസാരിക്കുന്നു. അതു കൊണ്ട് ഞാൻ തന്നെ വലിയവൻ" എന്നു പറഞ്ഞു.

ഉടനെ കുയിൽ പറഞ്ഞു: "അങ്ങനെയല്ല, എന്റെ നിറമാണ് കറുപ്പ്. എന്നാൽ എന്റെ ശബ്ദം വളരെ മാധുര്യമേറിയതാണ്. അതുകൊണ്ട് ഞാൻ തന്നെ വലിയവൻ."

ശരി നമുക്കുണ്ടായ ഈ സംശയം വേറൊരാളോട് ചോദിച്ചു മനസ്സിലാക്കാമെന്നു പറഞ്ഞു ഇരുവരും ഒരു മുയലിനടുത്തെത്തി.

മുയൽച്ചേട്ടാ, ഞങ്ങളിൽ ആരാണു വലിയവൻ? താങ്കൾ അതിനു നല്ലൊരു മറുപടി പറഞ്ഞു തരണം. തത്ത ആവശ്യപ്പെട്ടു.

ഇതിലെന്താ സംശയം, കാണാൻ മനോഹരിയും ഇമ്പമായി സംസാരിപ്പാൻ കഴിവുള്ളതു കൊണ്ട് നീ തന്നെ വലിയവൻ എന്നു തത്തയെ നോക്കി മുയൽ പറഞ്ഞു.

എന്നാൽ കുയിൽ ഇത് അംഗീകരിച്ചില്ല. വേറൊരാളോട് ചോദിക്കാമെന്നു പറഞ്ഞു. ഒരു മാനിന്റെ അടുക്കലേക്കു തത്തയേയും കൂട്ടിക്കൊണ്ടു പോയി.

ഞങ്ങൾക്കുണ്ടായ സംശയത്തെ താങ്കൾ തന്നെ തീർക്കണം ഞങ്ങളിൽ ആരാണ് വലിയവൻ? കുയിൽ മാനിനോട് ചോദിച്ചു.

രണ്ടു പേരെയും മാറി മാറി നോക്കിയ മാൻ, എനിക്കെന്തോ കുയിലു തന്നെ ഉയർന്നവൻ എന്നു തോന്നുന്നു. മനോഹരമായ രാഗത്തെ ഏറ്റുപാടുന്ന മനുഷ്യർ കുയിലിന്റെ രാഗത്തെയാണ് ഏറ്റു പാടാറുള്ളത്. അതു കൊണ്ടു കുയിലു തന്നെ വലിയവൻ."

ഓരോരുത്തരും ഓരോ വിധത്തിൽ പറയുന്നുവല്ലോ; ശരിയായതു ആരു പറയും? എന്നു രണ്ടു പേരും ചിന്തിച്ചു.

അപ്പോൾ ആ വഴിക്ക് ഒരു വയസ്സൻ കടുവ വന്നു. അതെ നിങ്ങൾക്കെന്താ സംശയം, എന്റടുത്തു പറയുക. എന്റെ അനുഭവത്തിലറിയാവുന്നതു പറഞ്ഞു തരാം.

ഞങ്ങളിലാരാണ് വലിയവൻ എന്നു അനുഭവശാലിയായ താങ്കൾ തന്നെ പറയണമെന്നു രണ്ടു പേരും പറഞ്ഞു.

ചിന്തയിൽ മുഴുകിയ തന്ത്രശാലിയായ കടുവ, എന്നെ പോലുള്ളവർക്കു വേട്ടയാടുവാൻ സാധിക്കില്ല. ആയതു കൊണ്ട് ഈ തത്തയേയും കുയിലിനേയും തിന്നേണ്ടതു തന്നെ എന്നു ചിന്തിച്ചിട്ടു പറഞ്ഞു; "രണ്ടു പേരും താഴെ എന്റെ അടുക്കൽ ഇറങ്ങി വന്നു നില്പിൻ; നിങ്ങളിൽ വലിയവനാരാണെന്ന് നോക്കി പറയാം.

താഴെ ഇറങ്ങിയ തത്തയും കുയിലും കടുവയുടെ അരികിൽ വന്നതും കടുവ ഒറ്റച്ചാട്ടത്തിന് അവരെ പിടിക്കാൻ നോക്കി.

ഇതു മനസ്സിലാക്കിയ രണ്ടുപേരും ചിറകടിച്ചുയർന്ന് മരക്കൊമ്പിൽ ഇടം പിടിച്ചു. ശേഷം തത്ത കുയിലിനോട്, കണ്ടോ നമ്മുടെ ഉള്ളിലുണ്ടായ അസൂസയയാണ് കടുവയ്ക്കു നമ്മെ തിന്നണമെന്നു തോന്നിയത്. അതുകൊണ്ട് നമ്മൾ ഇനി അസൂയപ്പെടാനേ പാടില്ല. എന്നാൽ മാത്രമേ നമ്മെ ആരും കബളിപ്പിക്കാതിരിക്കയുള്ളൂ.

അതെ, കൂട്ടുകാരി ഇനി നാം ആരാണ് വലിയവൻ എന്നു പറഞ്ഞു പ്രശ്നങ്ങൾ സൃഷ്ടിക്കാതെ മുമ്പിലത്തെപ്പോലെ സ്നേഹത്തിൽ കഴിയാം എന്നായി കുയിൽ.

അന്നുമുതൽ ഉള്ളിലുളവായതും പുറത്തു വെളിവായതുമായ അസൂയ വെടിഞ്ഞ് രണ്ടുപേരും നല്ല കൂട്ടുകാരായി ജീവിച്ചു.

ഗുണപാഠം: ഓരോരുത്തർ മറ്റുള്ളവരെ തന്നെക്കാൾ ശ്രേഷ്ഠരെന്ന് എണ്ണിക്കൊൾവീൻ.






**Cloudia Biju**
Age 11
Puthupally

**Anita Rose**
Age 9
Kanichukulangara



paste your art work

Name: ..............................................

Age: ..............................................

Place: ..............................................



ഈ പേജ് മുറിച്ച് ഞങ്ങൾക്ക് അയച്ചു തരിക.

# സമ്മാനം.. സമ്മാനം..

**ഇത്** നിങ്ങളുടെ പേജാണ്. നിങ്ങൾക്കിഷ്ടമുള്ള കാര്യങ്ങൾ എന്തും ഇവിടെ ചെയ്യാം. കഥയോ, കവിതയോ, ചിത്രം വരയ്ക്കുകയോ, പെയിന്റിംഗ് ചെയ്യുകയോ അങ്ങനെ എന്തും. എന്നിട്ട് ഇതിന്റെ പുറകിലെ താളിൽ കൊടുത്തിരിക്കുന്ന മത്സരത്തിൽ പങ്കെടുക്കൂ. കിടിലൻ സമ്മാനങ്ങൾ നിങ്ങളെ കാത്തിരിക്കുന്നു. വേഗമാകട്ടെ നിങ്ങളുടെ സൃഷ്ടികൾ 2016 ഒക്ടോബർ 15 നു മുൻപായി താഴെകൊടുത്തിരിക്കുന്ന വിലാസത്തിൽ ഞങ്ങൾക്ക് ലഭിച്ചിരിക്കണം.

# പദപ്രശ്നം

ജെയിംസ് പി.ജെ.

**വലത്തോട്ട്**

1. ആരുടെ സ്വന്തസ്ഥലമായിരുന്നു കൽദയ ദേശത്തെ ഊർ?
2. മോശെയുടെ സഹായി?
3. മരുഭൂമിയിൽ വെച്ച് യഹോവയെ ആരാധിക്കേണ്ടതിന് യിസ്രയേൽ ജനങ്ങൾക്ക് നൽകപ്പെട്ട സ്ഥാപനം?


**താഴോട്ട്**

1. വെള്ളത്തിൽ ജീവിക്കുന്ന മത്സ്യം തുടങ്ങിയുള്ള ജലജന്തുക്കളും വിവിധതരം പക്ഷികളും ഉണ്ടാക്കിയത് ഏതു ദിവസം?
2. ശിഷ്യത്വത്തിന്റെ ആദ്യപടി എന്ത്?
3. ബിൽഹയുടെ മകൻ?
4. ഗലീല കടലിന്റെ മറ്റൊരു പേര്?
5. പത്രൊസിന്റെ ശബ്ദം തിരിച്ചറിഞ്ഞ ബാല്യക്കാരിയുടെ പേരെന്ത്?

**ഇടത്തോട്ട്**

1. യേശുക്രിസ്തുവിലുള്ള വിശ്വാസം നിമിത്തം മനുഷ്യന് എന്ത് ലഭ്യമാകുന്നു?
2. ആദാമിന്റെ മൂന്നാമത്തെ മകന്റെ പേര്?


സമ്മാനം, സമ്മാനം, നന്മ,
സണ്ടേസ്കൂൾ ഡിപ്പാർട്ട്മെന്റ്
മൗണ്ട് സിയോൻ, മുളക്കുഴ 689 505
E: cgisundayschool@gmail.com
W: www.cgisundayschool.org

**പദപ്രശ്നം പൂരിപ്പിച്ച് ഒക്ടോബർ 15ന് മുമ്പ് അയച്ചുതരുക. എല്ലാ ഉത്തരവും ശരിയാക്കുന്നവർക്ക് അടിപൊളി സമ്മാനങ്ങൾ കാത്തിരിക്കുന്നു. ഒപ്പം നിങ്ങളുടെ കലാ സൃഷ്ടികളും ഞങ്ങൾക്ക് അയച്ചുതരേണ്ട വിലാസം**



# സൗഖ്യം നൽകുന്ന യേശു

ബിജു ജോൺ



# നുണ...

ബിജു കെ. ജോൺ



**കു**ഞ്ഞനുറുമ്പ് വലിയ വീമ്പുപറയുന്ന വിരുതനായിരുന്നു.

ഒരു ദിവസം അവൻ നടന്നുവരുമ്പോൾ അതാ ഒരാന ചത്തുകിടക്കുന്നു. അവൻ അതുവഴി വന്ന മൃഗങ്ങളോട് പറഞ്ഞു. "ഞാനൊരാനയെ കടിച്ചുകൊന്നു."

അതുകാണാൻ പലരും വന്നു. വലിയ ഗമയിൽ ആനയുടെ തുമ്പിക്കൈയിൽ ഞെളിഞ്ഞു നിന്ന കുഞ്ഞനുറുമ്പിന് എന്തോ ഒരു പന്തികേട് തോന്നി.

"എന്ത് ഭൂമികുലുക്കമോ......?"

അപ്പോഴാണ് മൃഗങ്ങളുടെ ഇടയിൽ നിന്നും ആരോ വിളിച്ചുപറഞ്ഞത് .

"കുഞ്ഞനുറുമ്പു നുണയനാണേ..........ആനച്ചേട്ടനെഴുന്നേൽക്കുന്നേ....ഓടിക്കോ..."

ഉറക്കത്തിൽ നിന്നും എഴുന്നേറ്റ ആനയുടെ തുമ്പിക്കൈയിൽ നിന്നും പിടിവിട്ട് കുഞ്ഞൻ താഴെവീണു. ആനയുടെ കാലിനടിയിൽനിന്നും കഷ്ടിച്ചു രക്ഷപെട്ട കുഞ്ഞനോട് ആനച്ചേട്ടൻ പറഞ്ഞു.

"നുണ അപകടമേ വരുത്തൂ..
അതു മറക്കരുത്"



# ബിൽബോർഡൻ



ചിക്കാഗോയിലെ ധനികനായ ഒരു കപ്പലുടമയുടെ മകനായിരുന്നു ബിൽ. അഞ്ചു നിലകളുള്ള കൊട്ടാര തുല്യമായ ഒരു വീട്ടിലായിരുന്നു അവൻ വളർന്നത്.

തന്റെ സ്കൂൾ പഠനം വിജയകരമായി പൂർത്തീകരിച്ചതിന് സമ്മാനമായി അവനു ലഭിച്ചത് ഒരു ഉലകം ചുറ്റൽ സാഹസികയാത്രയ്ക്കുള്ള അവസരമായിരുന്നു.





വന്യമൃഗങ്ങൾ നിറഞ്ഞ കൊടും കാട്ടിലൂടെ യാത്ര നടത്തുന്നത് അവനൊരു തമാശയായിരുന്നു.

ഒടുവിൽ ടിബറ്റിലെത്തിച്ചേർന്ന ബിൽ പർവ്വതാരോഹണം നടത്തുന്ന സമയത്താണ് കൽവിഗ്രഹങ്ങളെ ആരാധിക്കുന്ന ജനങ്ങൾ അവൻെറ ശ്രദ്ധയിൽപെട്ടത്. അത് അവൻെറ മനസ്സിനെ വല്ലാതെ വേദനിപ്പിച്ചു. അവിടെ വച്ചു തന്നെ യഥാർത്ഥ ദൈവത്തെപ്പറ്റി ജനങ്ങളോടു പറയുന്ന ഒരു മിഷനറിയാകാൻ അവൻ തീരുമാനിച്ചു.



വീട്ടിൽ തിരിച്ചെത്തിയ ബിൽ മിഷനറിയാകാനുള്ള തയാറെടുപ്പോടെയാണ് തുടർന്നുള്ള യൂണിവേഴ്സിറ്റി പഠനം പൂർത്തീകരിച്ചത്. പഠനത്തിൽ ഒന്നാം റാങ്ക് നേടിയ ബിൽ ഒരു മികച്ച കായിക താരവുമായിരുന്നു.

പിതാവിൻെറ മരണശേഷം പിതൃസ്വത്തായി തനിക്കു ലഭിച്ച പത്തുലക്ഷം ഡോളർ ഒരു മിഷൻ സംഘടനയ്ക്ക് എഴുതിക്കൊടുത്തിട്ടായിരുന്നു അദ്ദേഹം ഈജിപ്തിലേയ്ക്ക് ഒരു മിഷനറിയായി പോയത്.
ഈജിപ്തിലെത്തി മാസങ്ങൾ കഴിഞ്ഞപ്പോഴേയ്ക്കും കഠിനരോഗത്തിൻെറ പിടിയിൽ അകപ്പെട്ട ബിൽ ഇഹലോക വാസം വെടിഞ്ഞു ക്രിസ്തുവിനു വേണ്ടി തന്റെ മുഴുവൻ സമ്പത്തും ജീവനും ഏല്പിച്ചു കൊടുത്ത യൗവ്വനാക്കാരനെപ്പറ്റിയുള്ള വാർത്ത ലോകമെങ്ങും പരന്നു. അനേക യുവാക്കൾ അദ്ദേഹത്തിന്റെ പ്രവർത്തനം ഏറ്റെടുത്ത് ചെയ്യാൻ തയ്യാറായി.

# പാവക്കുട്ടിയും ഹോട്ട് വാട്ടർ ബോട്ടിലും



സമയം അർദ്ധരാത്രിയോടടുത്തു. മരംകോച്ചുന്ന തണുപ്പ്... ആഫ്രിക്കയിലെ ഉൾനാടൻ ഗ്രാമമായ കോംഗോയിലെ ഒരു ആശുപത്രി ലേബർ വാർഡിൽ നിന്നും ഒരു സ്ത്രീയുടെ ഉച്ചത്തിലുള്ള നിലവിളി ഉയർന്നുകൊണ്ടിരുന്നു. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാതിരുന്ന ആ ആശുപത്രിയിൽ ലഭ്യമായ ചികിത്സാരീതികൾ കൊണ്ട് ആ അമ്മയേയും അവളുടെ ഗർഭസ്ഥ ശിശുവിനെയും രക്ഷിക്കുക എന്നത് ദുഷ്കരമായിരുന്നു. എന്തുചെയ്യണമെന്നറിയാതെ ഡോക്ടർ ഹെലൻ വിറങ്ങലിച്ചു നിന്നു. രണ്ടു വയസ്സു മാത്രം പ്രായമുള്ള മൂത്ത പെൺകുട്ടിയെയും പൂർണ്ണവളർച്ചയെത്തും മുമ്പ് പ്രസവിച്ച പിഞ്ചു പൈതലിനെയും ഭൂമിയിൽ തനിച്ചാക്കി അൽപ സമയത്തിനുള്ളിൽ ആ മാതാവ് അന്ത്യശ്വാസം വലിച്ചു.


മുതിർന്നവർക്കുപോലും താങ്ങാൻ കഴിയാത്ത വിധം തണുപ്പ് വർദ്ധിച്ചുകൊണ്ടിരുന്നു. തണുപ്പുകൊണ്ട് ആ കുഞ്ഞ് മരണത്തോടടുത്തുതുടങ്ങി. വൈദ്യുതി പോലും ഇല്ലാത്ത ആ ആശുപത്രിയിൽ ഒരു ഇൻക്യുബേറ്ററിന്റെ സഹായത്താൽ കുഞ്ഞിന്റെ ജീവൻ പിടിച്ചു നിർത്താനും കഴിയുമായിരുന്നില്ല. സാധാരണ ഇത്തരം സാഹചര്യങ്ങളിൽ ഇങ്ങനെയുള്ള കുഞ്ഞുങ്ങൾക്ക് ചൂട് കൊടുക്കുന്നതിന് ചൂടുവെള്ളം നിറച്ച് ഉപയോഗിക്കാവുന്ന റബ്ബർ കൊണ്ട് നിർമ്മിച്ച ഒരു ഹോട്ട് വാട്ടർ ബോട്ടിൽ ആണ് ഉപയോഗിച്ചിരുന്നത്. പഴകി പിഞ്ചിയ ആ ബോട്ടിൽ വെള്ളം നിറയ്ക്കവേ അത് കീറിപ്പോവുകയും ചെയ്തു. എന്തുചെയ്യണമെന്ന് ഒരു ഊഹവും ഇല്ലാതെ ഹെലൻ വിഷമിച്ചു. റൂമിന്റെ ഒരു മൂലയിൽ അല്പം തീ കൂട്ടി അതിനരികിൽ കുഞ്ഞിനെ കിടത്താൻ അവർ തീരുമാനിച്ചു.

രാത്രി വളരെ വൈകിയാണ് അന്ന് ഹെലൻ തിരിച്ചെത്തിയത്. നാൽപ്പതിൽപ്പരം അനാഥ കുഞ്ഞുങ്ങളും ചില കുഷ്ഠരോഗികളും താമസിച്ചിരുന്ന ഓർഫേനേജിൽ അവരുടെ ഒപ്പം, അവർക്ക് ശുശ്രൂഷ ചെയ്താണ് ഹെലൻ താമസിച്ചിരുന്നത്. കുഷ്ഠരോഗികൾക്കും കുഞ്ഞുങ്ങൾക്കും വലിയ ഒരു ആശ്വാസമായിരുന്നു ഹെലൻ.

പതിവുപോലെ പ്രഭാത പ്രാർത്ഥനയ്ക്കായി ഹെലൻ കുട്ടികളെ ഒരുമിച്ചുകൂട്ടി. പ്രാർത്ഥനയിൽ പ്രധാന വിഷയമായി അമ്മ മരിച്ചുപോയ ആ പിഞ്ചു പൈതങ്ങളെക്കുറിച്ചും ഇളയ കുഞ്ഞിനെ തണുപ്പിൽ നിന്നും രക്ഷിക്കാൻ അത്യാവശ്യമായ ആ ഹോട്ട് വാട്ടർ ബോട്ടിലിനെപ്പറ്റിയും ഹെലൻ കുട്ടികളോട് വിവരിച്ചു. പത്തു വയസ്സുകാരി രൂത്ത് ആണ് അന്നത്തെ പ്രാർത്ഥനയ്ക്ക് നേതൃത്വം കൊടുത്തത്. ഇടറിയ കണ്ഠത്തിലൂടെ അടർന്നുവീണ അവളുടെ പ്രാർത്ഥനാവാചകങ്ങൾ ഇങ്ങനെയായിരുന്നു.... "യേശുവേ, ആ പിഞ്ചു കുഞ്ഞിന് ഒരു ഹോട്ട് വാട്ടർബോട്ടിൽ വേണം. നാളെ അത് തന്നാൽ ഒരുപക്ഷേ ആ കുഞ്ഞ് ഇന്നു രാത്രി തണുത്ത് മരിച്ചു പോകും. അതുകൊണ്ട് ഇന്നുതന്നെ അത് തരണമേ... അവളുടെ പ്രാർത്ഥന ഹെലന്റെ കണ്ണുകൾ നനയിച്ചു. രൂത്ത് തന്റെ പ്രാർത്ഥന തുടർന്നു..... യേശുവേ, ആ മൂത്ത കുഞ്ഞ് അവളുടെ അമ്മ മരിച്ചതോർത്ത് കരഞ്ഞ് തളർന്നിട്ടുണ്ടാവും. അവളെ സന്തോഷിപ്പിക്കാൻ അവൾക്ക് ഒരു പാവക്കുട്ടിയെ കൂടെ കൊടുക്കണമേ... ആമേൻ പറഞ്ഞ് കുഞ്ഞുങ്ങൾ പ്രാർത്ഥന അവസാനിപ്പിക്കുമ്പോൾ നേരം ഏറെ വൈകിയിരുന്നു.

അന്ന് ഉച്ചയ്ക്ക് നഴ്സുമാർക്ക് ക്ലാസ് എടുക്കുകയായിരുന്ന ഹെലനെ തേടി ഒരു വാർത്ത എത്തി. സ്വന്ത നാടായ ഇംഗ്ലണ്ടിൽ നിന്നും തന്നെ തേടി ഒരു പാർസൽ വന്നിരിക്കുന്നു.... ഹെലൻ വീട്ടിലെത്തുമ്പോഴേക്കും ഒരു വലിയ പെട്ടി വരാന്തയിൽ വെച്ചിട്ട് അതു കൊണ്ടുവന്നവർ മടങ്ങിയിരുന്നു... നാട്ടിൽ നിന്നും ഹെലൻ കോംഗോയിൽ എത്തിയിട്ട് നാല് വർഷം കഴിഞ്ഞിരുന്നു. അന്നുവരെ തന്റെ പേരിൽ ഒരു പാഴ്സൽ പോലും വന്നിട്ടുണ്ടായിരുന്നില്ല. ഇംഗ്ലണ്ടിൽ താൻ പഠിപ്പിച്ചിരുന്ന സൺഡേ സ്കൂൾ കുട്ടികളുടെ ലീഡറിന് ലഭിച്ച പ്രത്യേക ദൈവീക പ്രേരണയാൽ കുട്ടികൾ ഒരുമിച്ച് ചേർന്ന് അയച്ച പാഴ്സൽ ആയിരുന്നു അത്. ഓർഫനേജിലെ കുട്ടികളൊരുമിച്ച് വളരെ ശ്രദ്ധയോടെ ഹെലൻ അതിന്റെ കെട്ടുകൾ അഴിക്കാൻ തുടങ്ങി. കുഷ്ഠരോഗികൾക്കായി കുട്ടികൾ സ്വയം നെയ്തുണ്ടാക്കിയ കൈയുറകൾ, കുഞ്ഞുടുപ്പുകൾ, ഉണക്കമുന്തിരി മുതലായവയടങ്ങിയ നിരവധി പായ്ക്കറ്റുകൾ അതിനുള്ളിൽ ഉണ്ടായിരുന്നു. ഭംഗിയായി പൊതിഞ്ഞ ഒരു പാക്കറ്റ് തുറന്ന ഹെലന്റെ കണ്ണുകൾ അത്ഭുതം കൊണ്ട് വിടർന്നു. അടക്കാനാവാത്ത സന്തോഷത്തോടെ അവർ വിളിച്ചുപറഞ്ഞു: "രൂത്ത്, ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുക മാത്രമല്ല മറുപടിയും അയച്ചിരിക്കുന്നു.... നോക്കൂ, ഒരു ഹോട്ട് വാട്ടർ ബോട്ടിൽ... സന്തോഷം കൊണ്ട് കുട്ടികൾ തുള്ളിച്ചാടി. എന്നാൽ പെട്ടിക്കരികിലേക്ക് നീങ്ങിയ രൂത്ത് തന്റെ ഇരുകൈകളും അതിനുള്ളിലേക്കിട്ട് എന്തിനോവേണ്ടി പരതുന്നതു കണ്ട ഹെലൻ ചോദ്യഭാവത്തിൽ അവളെ നോക്കി.... "ഹോട്ട് വാട്ടർബോട്ടിൽ തന്നെ ദൈവം ഉറപ്പായും പാവക്കുട്ടിയെയും തന്നിട്ടുണ്ടാവും... അവൾ വിളിച്ചുപറഞ്ഞു... നമ്മുടെ പ്രാർത്ഥന കേട്ട് ആവശ്യങ്ങൾ നൽകിത്തരുവാൻ ദൈവം ശക്തനാണ് എന്ന വിശ്വാസം ഹെലന് ഉണ്ടായിരുന്നെങ്കിലും അത് അന്ന് തന്നെ ലഭിക്കും എന്നു ചിന്തിക്കുവാൻ മാത്രം ഹെലന്റെ വിശ്വാസത്തിന് ബലം പോരായിരുന്നു.

രൂത്തിന്റെ കുഞ്ഞു മനസ്സിലെ വിശ്വാസത്തിന്റെ ഉറപ്പ് അവളുടെ വാക്കുകളിൽ ഹെലൻ അറിഞ്ഞു.... അത്ഭുതമെന്നു പറയട്ടെ, പെട്ടിക്കുള്ളിൽ നിന്നും പുറത്തെടുത്ത കൈകളിൽ ഭംഗിയുള്ള ഉടുപ്പിട്ട മനോഹരിയായ ഒരു കുഞ്ഞു പാവക്കുട്ടി... സംസാരിക്കാൻ പോലും കഴിയാതെ വിറങ്ങലിച്ചുനിന്ന ഹെലന്റെ ദേഹത്തോട് ചേർന്ന് നിന്ന് രൂത്ത് മെല്ലെ ചോദിച്ചു.... ഈ പാവക്കുട്ടിയെ ആ കുഞ്ഞിന് കൊടുക്കുമ്പോൾ ഞാനും കൂടെ വന്നോട്ടെ? ഈ പാവ അവൾക്കു കൊടുക്കുമ്പോൾ യേശു അവളെ എത്രമാത്രം സ്നേഹിക്കുന്നു എന്ന് അവൾക്ക് അറിയാൻ കഴിയും അല്ലേ.... തീർച്ചയായും അത് അവളെ സന്തോഷിപ്പിക്കും... രൂത്തിനെ തന്നിലേക്ക് ചേർത്തുപിടിക്കുമ്പോൾ ഹെലന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.



ഹെലന്റെ സ്വന്തദേശത്ത് നിന്ന് 5 മാസങ്ങൾക്ക് മുമ്പാണ് ആ പാഴ്സൽ അയയ്ക്കപ്പെട്ടത്. 5 മാസം നീണ്ട യാത്രയ്ക്ക് ശേഷം രൂത്ത് ആവശ്യപ്പെട്ട ദിവസം തന്നെ അത് അവരുടെ അടുത്ത് എത്തിച്ചേർന്നിരിക്കുന്നു!!! അതേ... തന്റെ മക്കളുടെ പ്രാർത്ഥനയ്ക്ക് മുമ്പു തന്നെ ഉത്തരം തരുന്നവനാണ് നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ്...

1925-ൽ ഇംഗ്ലണ്ടിൽ ഹെലൻ ജനിച്ചു. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിൽ നിന്നും വൈദ്യപഠനം കഴിഞ്ഞ് 1953-ൽ ആഫ്രിക്കയിലെ കോംഗോയിലേക്ക് സുവിശേഷ ദൗത്യവുമായി അവർ കപ്പൽ കയറി. കുഷ്ഠരോഗികൾ നിറഞ്ഞ ആ ഗ്രാമത്തിൽ അവരുടെ ക്യാമ്പുകളിൽ താമസിച്ച് അവരോടൊപ്പം താൻ ജീവിച്ച് യേശുവിന്റെ സ്നേഹം അവർക്ക് വെളിപ്പെടുത്തി. നിർദ്ധനരായ ഗ്രാമവാസികൾക്കായി നിരവധിയിടങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിന് ദൈവം ഹെലനെ ബലപ്പെടുത്തി. അനേകം അനാഥ കുഞ്ഞുങ്ങളുടെ നല്ലൊരു അമ്മയും ആയിരുന്നു അവർ. ജയിൽവാസം, പീഡനങ്ങൾ മുതലായവ നിരവധി തവണ അനുഭവിക്കേണ്ടിവന്നെങ്കിലും തന്റെ മരണത്തോളം ക്രിസ്തുവിന്റെ ഒരു ധീര പോരാളിയായി തുടരുവാൻ ദൈവം ഹെലനെ ബലപ്പെടുത്തി.

കടപ്പാട്: തിമഥി ചിൽഡ്രൻസ് ഫെസ്റ്റ്



# യേശുവിന്റെ സ്നേഹം

കവിത

ലൗവ്‌ലി ഷാജി തോമസ്

അമ്മ തന്നുദരത്തിലെന്നെ മെനഞ്ഞു
അമ്മയായ് മാറോടു ചേർത്തെന്നെ നിർത്തി
അമ്മ മറന്നിട്ടുമെന്നെ മറക്കാതെ
അനന്തമാം സ്നേഹത്തോടെന്നെയണച്ചു

മാധുര്യവചനങ്ങളെന്നിൽ പകർന്നു
മായയാണീ ലോകമെന്നുര ചെയ്തു
മഹത്വത്തിലേക്കെന്നെ നയിച്ചിടാനായി
മഹിമ വിട്ടെനിക്കായി മന്നിതിൽ വന്നു

നീയെന്റെ സ്വന്തമാണെൻ കാതിൽ ചൊല്ലി
നിനക്കായി ഞാനുണ്ടെന്നെന്നോടരുളി
നിന്നെ ഞാനൊരു നാളും കൈവിടുകില്ലെന്നു
നല്ലോരു നാഥനായ് എന്നേശു ചൊല്ലി

ലോകമോഹങ്ങളിൽ പെട്ടു പോയീടാതെ
ലോത്തിന്റെ ഭാര്യപോൽ പിന്തിരിഞ്ഞിടാതെ
ലോകത്തെ ജയിച്ചവൻ നിൻ കൂടെയുണ്ടെന്നും
ലോകമോ നശ്വരമാണെന്നുമോർത്തിടാം

ഇരുളിൽ പാതയിലിടറിയ നേരത്തു
ഇരുളിൽ വെളിച്ചമായെന്നിൽ നിറഞ്ഞു
ഇടറേണ്ട പതറേണ്ടി വഴികാട്ടി ഞാനുണ്ട്
ഇനിയെന്തിനാകുലചിന്തയെൻ പൈതലേ?

ഈ വണ്ണമായെന്നെയാരു കരുതിടും?
ഇവ്വണ്ണമായെന്നെയാരു പുലർത്തിടും?
ഈ മഹൽഭാഗ്യമെനിക്കായി നൽകിയ
ശ്രീയേശുനാഥനാണെന്നുടെ സർവ്വവും!






## സണ്ടേസ്കൂൾ, വൈ.പി.ഇ. സംയുക്ത താലന്ത് പരിശോധന അറിയിപ്പ്

**മുളക്കുഴ:** ദൈവസഭയുടെ പുത്രികാസംഘടനയായ സൺഡേസ്കൂൾ/വൈ.പി.ഇ. എന്നിവയുടെ താലന്തു പരിശോധനാ സംബന്ധമായി ഇരു ഡിപ്പാർട്ട്മെന്റുകളുടെയും ഔദ്യോഗിക ഭാരവാഹികൾ, സ്റ്റേറ്റ് ഓവർസിയറുടെ നിർദ്ദേശപ്രകാരം 2016 ഏപ്രിൽ 19ന് ഒരുമിച്ചു കൂടി സംയുക്തമായി എടുത്ത തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

ഇരുവിഭാഗങ്ങളുടെയും താലന്തുപരിശോധന ലോക്കൽ, ഡിസ്ട്രിക് തലങ്ങളിൽ ഒരുമിച്ച് ഒരേ ദിവസം നടത്തുന്നതിലൂടെ കാര്യനിർവ്വഹണപരമായും സാമ്പത്തികമായും സഹായകരമാണെന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. സോണൽ തലത്തിൽ സൺഡേസ്കൂൾ/വൈ.പി.ഇ ഒരുമിച്ചോ, വെവ്വേറെയോ അവരവരുടെ സൗകര്യാർത്ഥം നടത്താവുന്നതാണ്. സ്റ്റേറ്റ് തല സൺഡേസ്കൂൾ മത്സരം ഒക്ടോബർ 29 നും വൈ.പി.ഇ യുടെ മത്സരം ഡിസംബറിലെ ക്യാമ്പിന്റെ പ്രാരംഭദിനവും നടത്തുന്നതാണ്. 1-1-2001നു ശേഷം ജനിച്ചവരും സൺഡേസ്കൂളിൽ പഠിക്കുന്നവരുമായ വിദ്യാർത്ഥികൾ സൺഡേസ്കൂളിലെ താലന്ത് പരിശോധനയിലും 31-12-2000 (16 വയസ്സിനു മുകളിൽ)-നു മുമ്പ് ജനിച്ചവരും വൈ.പി.ഇ. അംഗങ്ങളുമായവർ വൈ.പി.ഇ താലന്തു പരിശോധനയിലും മത്സരിക്കേണ്ടതാണ് (ഈ നിബന്ധനപ്രകാരം ഇനി മുതൽ ഒരാൾക്ക് ഒന്നുകിൽ സൺഡേസ്കൂളിലോ അല്ലെങ്കിൽ വൈ.പി.ഇ യിലോ മാത്രമേ പങ്കെടുക്കാൻ കഴിയൂ). മറ്റ് വിശദാംശങ്ങൾ സൺഡേസ്കൂൾ/വൈ.പി.ഇ. വാർത്താപത്രികയിലൂടെ അറിയിക്കുന്നതാണ്.






## നോർത്ത് മലബാർ ക്യാമ്പ്

കണ്ണൂർ: രണ്ടാമത് നോർത്ത് മലബാർ സണ്ടേസ്കൂൾ ക്യാമ്പ് ഏപ്രിൽ 25 മുതൽ 27 വരെ തീയതികളിൽ പരിയാരം മൗണ്ട് പാരാൻ ബൈബിൾ സെമിനാരിയിൽ വച്ച് നടന്നു. പാസ്റ്റർ റ്റി.എ. ജോർജ് ക്യാമ്പ് ഉത്ഘാടനം ചെയ്തു. പാസ്റ്റർ സാലു വർഗീസ് അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ബിനു പി. ജോൺ, പാസ്റ്റർ പ്രസാദ് ആൻഡ്രൂസ് എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. നൂറു പേർ പങ്കെടുത്ത ക്യാമ്പിന് തിമഥി ഇൻസ്റ്റിറ്റ്യൂട്ട് ക്ലാസ്സുകൾ നയിച്ചു.

## സൺഡേസ്കൂൾ NEWS വാർത്തകൾ

## ചെങ്ങന്നൂർ മേഖലാ ക്യാമ്പ്





2016 ഏപ്രിൽ 2ന് മുളക്കുഴ മൗണ്ട് സീയോൻ ബൈബിൾ സെമിനാരിയിൽ നടന്ന ചെങ്ങന്നൂർ സോണൽ ക്യാമ്പ് സ്റ്റേറ്റ് സൺഡേസ്കൂൾ പ്രസിഡന്റ് പാസ്റ്റർ റ്റി.എ. ജോർജ് ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് കോ-ഓർഡിനേറ്റർ പാസ്റ്റർ സാലു വർഗീസ് അദ്ധ്യക്ഷത വഹിച്ചു. സ്റ്റേറ്റ് സെക്രട്ടറി പ്രൊഫ. ബ്ലസ്സൻ ജോർജ്ജ് മുഖ്യസന്ദേശം നൽകി. കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ്, വൈ.പി.ഇ പ്രസിഡന്റ് പാസ്റ്റർ സജി ഏബ്രഹാം എന്നിവർ അതിഥികളായി പങ്കെടുത്തു. തിമഥി ഇൻസ്റ്റിറ്റ്യൂട്ട് സെഷനുകൾ നയിച്ചു. ക്യാമ്പിൽ 300 ലധികം കുട്ടികളും 100 ലധികം അദ്ധ്യാപകരും പങ്കെടുത്തു. സൂപ്പർ ബൈബിൾ ക്വിസ് വിജയികൾക്കുള്ള ക്യാഷ് അവാർഡും ബംബർ സമ്മാനമായ ബൈസൈക്കിളും വിതരണം ചെയ്തു. കൂടാതെ 35 നിർദ്ധനരായ കുട്ടികൾക്ക് പഠനസാമഗ്രികളും വിതരണം ചെയ്തു. സോണൽ പ്രസിഡന്റ് പാസ്റ്റർ അനിയൻകുഞ്ഞ് ശാമുവേൽ, സെക്രട്ടറി പാസ്റ്റർ സാബു പി.ചാണ്ടി, കോ-ഓർഡിനേറ്റർ ജോമോൻ ജെ. സ്കറിയ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

## തിരുവനന്തപുരം മേഖലാ അദ്ധ്യാപക സെമിനാർ



*തിരുവനന്തപുരം മേഖല അദ്ധ്യാപക സെമിനാറിൽ പ്രൊഫ. എം.കെ. സാമുവേൽ ക്ലാസ്സെടുക്കുന്നു.*

## 'നന്മ' പ്രകാശനം ചെയ്തു



*2016ലെ ജനറൽ കൺവൻഷനിൽ സൺഡേസ്കൂൾ ഡിപ്പാർട്ട്മെന്റ് പുറത്തിറക്കിയ കുട്ടികൾക്കായുള്ള ത്രൈമാസിക 'നന്മ' പ്രകാശനം ചെയ്യുന്നു.*

## സൺഡേസ്കൂൾ ഡേ ഓഗസ്റ്റ് 14 ന്

ഓഗസ്റ്റ് രണ്ടാം ഞായറാഴ്ച (ഓഗസ്റ്റ് 14) സൺഡേസ്കൂൾ ഡേ ആയി ആചരിക്കേണ്ടതാണ്. കുട്ടികളുടെ പ്രത്യേക പ്രോഗ്രാമുകളും അദ്ധ്യാപകരിലൊരാളുടെ സൺഡേസ്കൂളിന്റെ പ്രാധാന്യത്തിനെക്കുറിച്ചുള്ള പ്രഭാഷണവും സഭായോഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. സഭായോഗത്തിൽ പ്രത്യേക സ്തോത്രകാഴ്ച എടുത്ത് സൺഡേസ്കൂൾ സ്റ്റേറ്റ് ഓഫീസിൽ അടയ്ക്കാൻ ഉത്സാഹിക്കുമല്ലോ. സൺഡേസ്കൂൾ പ്രവർത്തനങ്ങളുടെ ഏക വരുമാനമാർഗ്ഗമാണ് സൺഡേസ്കൂൾ ഡേ ഓഫറിംഗ്.



# SUNDAY SCHOOL BOARD MEMBERS



Pr. P.J. James
(State Overseer)



Pr. T.A. George
(President)



Pr. Binu P. John
(Vice President)



Prof. Blesson George (Secretary)



Pr. Salu Varghese
(Co-Ordinator)



Prof. M.K.Samuel
(Exam Convenor)



Mr. Samuel George
(Office Admin.)



Mr. Alex G Sam
(Talent Test Con.)



Mr. Babu N.Kuriakose
(Member)



Mr. K. Abraham
(Member)



Mr. Binu
(Member)



Pr. Bobby Thomas
(Member)



Prof. Thomas Mathew
(Member)



Mr. Aji Varghese
(Member)



Pr. James P.J.
(Member)



Pr. Sabu P. Chandi
(Asst. Exam Con.)

Church of God in India Kerala State
**SUNDAY SCHOOL DEPARTMENT**

# 3-ാമത് സ്റ്റേറ്റ് സ്റ്റുഡന്റ്സ് ക്യാമ്പ്

## എവിടെ?

മാർത്തോമ്മാ റിട്രീറ്റ് സെന്റർ,
കൊമ്പാടി, മഞ്ഞാടി, തിരുവല്ല

## എന്ന്?

2016 സെപ്റ്റംബർ
15 വ്യാഴം മുതൽ
17 ശനി വരെ

## ആർക്കെല്ലാം പങ്കെടുക്കാം

ആദ്യം രജിസ്റ്റർ ചെയ്യുന്ന 150 പേർക്ക് മാത്രം
13 വയസ്സുമുതൽ
17 വയസ്സുവരെയുള്ള കൂട്ടുകാർക്ക്

- മനോഹരമായ ക്യാമ്പ് സൈറ്റ്
- പരിചയ സമ്പന്നർ നേതൃത്വം നൽകുന്നു
- ഗാനപരിശീലനം
- ഇൻഡോർ/ഔട്ട് ഡോർ ഗെയിമുകൾ
- ആക്ടിവിറ്റികൾ
- മിഷൻ ചലഞ്ച്
- വിഷയാധിഷ്ഠിത വചന പഠനം
- കൗൺസിലിംഗ് സെഷൻ
- ഫിലിം ഷോ

Registration Fees ₹250/-

Email: cgisundayschool@gmail.com
Mob: 95544170992, 9847820405

Global, Tiruvalla